# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1183/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1183/2021 തീയ്യതി: 16/09/2021

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ഷൈന.എ.കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ..ടി.പി,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.കെ.വിനോദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. സ്മിത.വി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അൻസു.ഒ.എ | സെക്രട്ടറി | 01-04-2020 | 25-01-2021 |
| ശ്രീ.അനിൽകുമാർ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-01-2021 | 12-02-2021 |
| ശ്രീ.രാജീവ്.പി | സെക്രട്ടറി | 12-02-2021 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സജ്ന.പി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സത്യവതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.മാത്യു ആൻഡ്രൂസ്.ഒ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.സുഭാഷ് രാജ്.കെ.കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ലിനീഷ്.എൻ | വി.ഇ.ഒ | 01-04-2020 | 28-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി ഗ്രീഷ്മ.കെ | വി.ഇ.ഒ | 04-11-2020 | 31-03-2021 |
| ശ്രീ.ഭൂപേഷ്.ബി | വി.ഇ.ഒ | 01-04-2020 | 28-10-2020 |
| ശ്രീ.ജോസ് കുര്യാക്കോസ് | വി.ഇ.ഒ | 02-11-2020 | 31-03-2021 |
| ശ്രീമതി വിജില | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ്.ടി.പി | അസി.എഞ്ചിനീയർ | 01-04-2020 | 17-02-2021 |
| ശ്രീ.രാജേഷ്.എൻ | അസി.എഞ്ചിനീയർ | 17-02-2021 | 31-03-2021 |
| ശ്രീ.അജിത്ത്കുമാർ.കെ.ആർ | കൃഷി ഓഫീസർ | 01-04-2020 | 06-06-2020 |
| ശ്രീമതി ഇസ്ന കരിമ്പൻ | കൃഷി ഓഫീസർ | 19-06-2020 | 31-03-2021 |
| ശ്രീമതി റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോഷി ജോസ്.സി.ജെ | അസി.സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീ.അനിൽ കുമാർ | അസി.സെക്രട്ടറി | 24-06-2020 | 31-03-2021 |
| ശ്രീ.സിദ്ദീഖ്.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വ്യതിയാനങ്ങൾ- പുതുക്കാത്തതും സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 28-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Hari. K.P (Audit Officer (HG), On 28-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 1-6 |
| 8 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല<br>Written By: Hari. K.P (Audit Officer (HG), On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-7 |
| 9 | സമ്പൂർണ്ണ ഭവന നിർമ്മാണം കോ ഓപ്പറേറ്റീവ് ബാങ്കിൽ കോടികളുടെ ബാധ്യത<br>Written By: Hari. K.P (Audit Officer (HG), On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-8 |
| 10 | വസ്തു നികുതി നിർണ്ണയം - പഞ്ചായത്തിലെ മുഴുവൻ റോഡുകളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Hari. K.P (Audit Officer (HG), On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 16-09-2021) | 1-9 |
| 11 | ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് അധികം നൽകി.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-10 |
| 12 | വെന്റ് പൈപ്പ് പാലം ആനയാം കുന്ന് റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-11 |
| 13 | പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി അധിക തുക നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-12 |
| 14 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നു.<br>Written By: Hari. K.P (Audit Officer (HG), On 01-09-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-13 |
| 15 | ഊരാളിക്കുന്ന് കൊളക്കാടൻ മല റോഡ് നവീകരണം രണ്ട് പദ്ധതികൾ നടപ്പിലാക്കിയത് സംമ്പന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-14 |
| 16 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിറജിസ്റ്ററിൽ ചേർക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-15 |
| 17 | മരണപ്പെട്ടവരുടേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 16-09-2021) | 1-16 |
| 18 | സാമൂഹ്യസുരക്ഷാപെൻഷൻ - മരണപ്പെട്ടവരുടെ പെൻഷൻ വിതരണം ചെയ്യുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-17 |
| 19 | കോവിഡ് മൂലം പ്രവർത്തനം നിലച്ച പകൽവീടിന്റെ വാടകഇളവിന് നടപടി സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-18 |
| 20 | 2019-20 വർഷത്തിൽ അംഗീകാരം വാങ്ങി നടപ്പിലാക്കാത്ത പദ്ധതികൾ 20-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കിയില്ല | 1-19 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | |
| 21 | മാലിന്യ നിർമ്മാർജന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-20 |
| 22 | കമ്പ്യൂട്ടറുകൾ സമയബന്ധിതമായി ലഭ്യമായില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-21 |
| 23 | റിബിൽഡ് കേരള പദ്ധതി- സ്ഥലം ഒരുക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ അങ്കണവാടികളുടെ നിർമ്മാണം നടപ്പിലായില്ല.<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-22 |
| 24 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-23 |
| 25 | ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-24 |
| 26 | ഖനനാനുമതി-ക്രമ വിരുദ്ധമായി NOCനൽകി<br>Written By: Hari. K.P (Audit Officer (HG), On 10-09-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് അധികം നൽകി.<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 14-09-2021) | 3-1 |
| 2 | പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി അധിക തുക നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 3-2 |
| 3 | വെന്റ് പൈപ്പ് പാലം ആനയാം കുന്ന്  റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Jisha.P (Auditor, On 23-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Jisha.P (Auditor, On 23-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Jisha.P (Auditor, On 23-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 26-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 15-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് വ്യതിയാനങ്ങൾ- പുതുക്കാത്തതും സംബന്ധിച്ച്

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററായ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ് . എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ് /ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല .ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 150 | 303000 | 320000 | 465010 |
| 2 | 252 | 5532000 | 8935000 | 8715376 |
| 3 | 254 | 60000000 | 27200000 | 60249720 |
| 4 | 255 | 5200000 | 16700000 | 18423600 |

ബജറ്റ് പ്രൊവിഷനെക്കാൾ അധികരിച്ച് ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ് /ചെലവുകളും വന്നിട്ടുണ്ട് . കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 5600000 | 5000000 | 5370112 |
| 2 | 130 | 113500 | 1000 | 3250 |
| 3 | 140 | 1653000 | 1568050 | 1184689 |
| 4 | 171 | 200000 | 140000 | 135817 |
| 5 | 180 | 58500 | 1750 | 100 |
| 6 | 210 | 18300000 | 11569000 | 12018053 |
| 7 | 230 | 3425000 | 2495000 | 2233232 |
| 8 | 251 | 143711448 | 73615000 | 80556668 |
| 9 | 253 | 2550000 | 1600000 | 1598347 |
| 10 | 410 | 15100000 | 35800000 | 8593104 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് .

### 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Forms ഇനത്തിൽ 2,31,692/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. എ.സി.ആർ, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. നിർജ്ജീവമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല ഉദാ: ജലനിധി ഗ്രാമീൺ ബാങ്ക് അക്കൗണ്ട് (40183100107294).

5. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Contractors Emd,Suppliers Emd, Bidders Emd,Contractors Security Deposit, Auction Deposit)

6. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2018 ന് ശേഷം ആസ്തി രജിസ്റ്ററിൽ ഒരു രേഖപ്പെടുത്തലുമില്ല. (തടപ്പറമ്പ് കോളനിയുമായി ബന്ധപ്പെട്ട കേസിൽ ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റേ ചെയ്തിരിക്കുകയാണ്).

7. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12688298 |
| വരവ് | 126372413 |
| ആകെ | 139060711 |
| ചെലവ് | 124845664 |
| നീക്കിയിരിപ്പ് | 14215047 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ ) | | 19722282 | 19722282 | 17279740 | 2442542 |
| 2 | എസ് .സി. പി | | 8535529 | 8535529 | 8404061 | 131468 |
| 3 | ടി. എസ് . പി | | 1912000 | 1912000 | 1912000 | - |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 12898043 | 12898043 | 8870640 | 4027403 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 6690000 | 6690000 | 1288862 | 5401138 |
| 6 | മെയിന്റനൻസ് (റോഡ്) | | 30843000 | 30843000 | 30843000 | |
| 7 | മെയിന്റനൻസ് (നോൺ റോഡ് ) | | 5481987 | 5481987 | 5446821 | 35166 |
| മറ്റ് ഗ്രാന്റുകൾ | | | | | | |
| 8 | ശുചിത്വമിഷൻ | 878744 | 3427052 | 4305796 | 661500 | 3644296 |
| 9 | അനുപൂരക പോഷകാഹാരം | 811242 | 1540457 | 2351699 | 1499229 | 852470 |
| 10 | കേന്ദ്രാവിഷ്കൃതം | - | 69000 | 69000 | - | 69000 |
| 11 | എസ് .ടി കോർപ്പസ് ഫണ്ട് | 251754 | 532500 | 784254 | - | 784254 |
| 12 | അഗതി /ആശ്രയ | - | 1571955 | 1571955 | 1571955 | - |
| 13 | നൂറ് ദിന പ്രവൃത്തി ( MGNREGS ) | - | 490000 | 490000 | 490000 | - |
| 14 | MGNREGS | 25111 | 58619411 | 58644522 | 58527148 | 117374 |
| 15 | ജലനിധി | 346517 | 1339900 | 1686417 | 1423200 | 263217 |
| 16 | ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാം | 813000 | - | 813000 | - | 813000 |
| ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതി | | | | | | |
| 17 | പഞ്ചായത്ത് മിനിസ്റ്റേഡിയം/ കുമാരനല്ലൂർ സബ് സെന്റർ | 68228 | - | 68228 | - | 68228 |
| 18 | ശുചിത്വം കാരശ്ശേരി | 378500 | - | 378500 | - | 378500 |
| 19 | സ്കോളർഷിപ്പ് | 200 | - | 200 | - | 200 |
| 20 | ലൈഫ് (എസ്. സി) | 77932 | - | 77932 | - | 77932 |
| ജില്ലാ പഞ്ചായത്ത് ജോയിന്റ് വെൻച്വർ പ്രൊജക്റ്റ് | | | | | | |
| 21 | അറവ് ശാല | 2000000 | - | 2000000 | - | 2000000 |
| 22 | ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് | 400000 | - | 400000 | - | 400000 |
| 23 | ആകാശഗംഗ | 200000 | - | 200000 | 200000 | - |
| 24 | സ്കോളർഷിപ്പ് | 100 | - | 100 | - | 100 |
| 25 | മാവണ്ണ - കാരാട്ട് കോളനി | 900327 | - | 900327 | 290197 | 610130 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ ഉക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 9041605 | 16418459 |

| | | | |
|---|---|---|---|
| | സേവനം | 16869925 | 86941855 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | 1687700 | 2400200 |
| | സേവനം | 6260863 | 30643063 |
| | പശ്ചാത്തലം | 2900000 | 3600000 |
| വികസനഫണ്ട് ടി.എസ്.പി. | ഉത്പാദനം | 1223390 | 1433570 |
| | സേവനം | 1429110 | 2229110 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 5085435 | 6375435 |
| | പശ്ചാത്തലം | 1863794 | 5463794 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 39261249 | 45890928 |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|
| 301 | 281148498 | 227 | 93390545 | 33.21 % |

മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല. വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വരവ് | വകയിരുത്തിയത് | ബജറ്റ് അലോട്ട്മെന്റ് | ആകെ അലോട്ട്മെന്റ് | 2(-)3 | 4(-)3 |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 1 | പ്ലാൻ ഫണ്ട് (ജനറൽ ) | 25911530 | 19106000 | 19722282 | 6805530 | 616282 |
| 2 | SCP | 10848563 | 7294000 | 8535529 | 3554563 | 1241529 |
| 3 | TSP | 2652500 | 1352000 | 1912000 | 1300500 | 560000 |
| 4 | CFC ( Tied)) | - | - | 6690000 | - | - |
| 5 | CFC (Untied) | 14733155 | 11895000 | 12898043 | 2838155 | 1003043 |
| 6 | മെയിന്റനൻസ് (നോൺറോഡ്) | 7510083 | 5538000 | 5481987 | 1972083 | (-)56013 |
| 7 | മെയിന്റനൻസ് (റോഡ്) | 39261249 | 30843000 | 30843000 | 8418249 | - |
| | ആകെ | 100917080 | 76028000 | 86082841 | 24889080 | 3364841 |

വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികൾക്കായി മേൽ ഗ്രാന്റുകളിൽനിന്നും 24889080രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട് . 2019 – 20 വർഷത്തെ ബജറ്റ് വിഹിതത്തിന്റെ 25 % വരെ ഇത്തരത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വകയിരുത്താമെന്ന 31.3.2020 ലെ 724/2020/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത് . എന്നാൽ ഉത്തരവിൽ നിന്നും വ്യത്യസ്തമായി 34.2 ശതമാനം ( X 100 = 34.2 ) വകയിരുത്തി. ഇത് വിശദീകരിക്കേണ്ടതാണ്.

മേൽ കൊടുത്ത പ്രകാരം സ്പിൽ ഓവർ പദ്ധതികൾക്കായി തൻവർഷത്തെ അലോട്ട്മെന്റിനെക്കാൾ 24889080രൂപ അധികരിച്ച് വകയിരുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് അലോട്ട്മെന്റിനെക്കാൾ 3364841രൂപയുടെ അധികവിനിയോഗം മാത്രമാണ് തൻവർഷം വന്നത് . സ്പിൽഓവർ പ്രോജക്ടുകൾക്ക് കൂടി അനുവദിക്കുന്ന തുക പരിഗണിക്കുമ്പോൾ ( മുൻവർഷ അലോട്ട്മെന്റിന്റെ 25 % ) ആകെ 94222500രൂപ ( 76028000 + 18194500 = 94222500 ) തൻവർഷം ലഭിക്കേണ്ടതായിരുന്നു. എന്നാൽ 86082841രൂപ മാത്രമാണ് ലഭിച്ചത്. ഗ്രാന്റിനത്തിൽ 8139659രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട് .

തൻവർഷം വി.ഇ.ഒ. നടപ്പാക്കിയ പ്രൊജക്ടു ചെലവുകളുടെ ബില്ലുകളുടെയും ഉത്തരവുകളുടെയും പകർപ്പുകളൊന്നും തന്നെ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രൊജക്ട് ഫയലിനൊപ്പം സൂക്ഷിക്കുന്ന രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-08-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6974 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

പഞ്ചായത്തിന്റെ 2019-20, 2020-21 സാമ്പത്തിക വർഷത്തേയും, 31.07.2021ലെയും ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ അസറ്റിനേക്കാൾ കൂടുതൽ ലയബിലിറ്റി ഉണ്ടെന്ന് വ്യക്തമാകുന്നു. പ്രസ്തുത സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ ബി.14, ബി15, ബി17, ബി18 എന്നിവ

ആസ്തിയായി കണക്കാക്കിയതിലും ബി.4,, ബി5, ബി7, ബി9 എന്നിവ ബാധ്യതായി കണ്ടാലും താഴെ കൊടുത്ത രീതിയിൽ പഞ്ചായത്ത് ഫണ്ട് കമ്മിയാണെന്ന് കാണാം.

| വർഷം | ആസ്തി | ബാധ്യത | വ്യതാസം |
|---|---|---|---|
| 2019-20 | 15523606 | 33117072 | (-)17593466 |
| 2020-21 | 23902864 | 44818022 | (-)20915158 |
| 31.07.2021 വരെ (ഓഡിറ്റിന് തൊട്ടുമുമ്പ് ) | 22631508 | 44889867 | (-)22258359 |

ഓരോ വർഷവും ബാധ്യത കൂടി വരുന്നതായി കാണാം. 2014-15 വർഷം സമ്പൂർണ്ണ ഭവന പദ്ധതിയ്ക്ക് വേണ്ടി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നെടുത്ത 4 കോടി രൂപയുടെ വായ്പയാണ് (ലോൺ നമ്പർ 102240030001892) ഈയൊരു അവസ്ഥയിലേക്ക് ഗ്രാമപഞ്ചായത്തിനെ എത്തിച്ചത്. പ്രതിവർഷം മുതലിലേക്ക് പദ്ധതി വിഹിതത്തിൽ നിന്ന് 15% വരുന്ന വിഹിതം ഈ ലോണിലേക്ക് അടവാക്കാൻ സർക്കാർ ഉത്തരവ് ഉണ്ടെങ്കിലും 2018-19 മുതൽ പ്രിൻസിപ്പിൾ ഇനത്തിൽ തുകയൊന്നും അടച്ചിട്ടില്ല. 31.07.2021ൽ ഈ തിരിച്ചടവ് ബാലൻസ് ഷീറ്റിൽ 29012251/- രൂപയാണ് കാണിച്ചതെങ്കിലും ഓഡിറ്റിൽ ലോൺ സ്റ്റേറ്റ്മെന്റ് 29977790/- രൂപ പ്രിൻസിപ്പിൾ ഡ്യൂ എന്ന് കാണിക്കുന്നു. ഇതിന് പുറമെ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തിയിൽ, പ്രവൃത്തി പൂർത്തീകരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അഭാവത്താൽ പേയ്മെന്റ് നൽകാനാവാത്ത രണ്ട് മരാമത്ത് പ്രവൃത്തികൾ കൂടിയുണ്ട്.

| | | | | |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ 83/21 | കുളമുണ്ടായി വല്ലത്തപാറ റോഡ് | എം.ബുക്ക് 114/20-21 | പ്രവൃത്തി മൂല്യം 874216 |
| 2 | പ്രോജക്റ്റ് നമ്പർ 90/21 | കറുത്ത പറമ്പ് മോലിക്കാവ് റോഡ് | എം.ബുക്ക് 124/20-21 | പ്രവൃത്തി മൂല്യം 1700824 |

ആകെ 2575040

മേൽ കാണിച്ച ലോണിനത്തിൽ അടച്ച് തീർക്കാനുള്ള തുകയിലെ വ്യത്യാസമായ 965539/- രൂപയും (29977790 – 29012251 = 965539) മരാമത്ത് പ്രവൃത്തിക്ക് കൊടുത്ത് തീർക്കേണ്ടതായ 2575040/- രൂപയും ഉൾപ്പെടെ ആകെ 3540579/- രൂപ കൂടി ബാധ്യത ഇനത്തിൽ 31.07.2021ന് അധികമായിരിക്കും. ഇത്തരത്തിൽ നിലവിൽ 25798938/- രൂപ (22258359 + 3540581 = 25798938) ബാധ്യത നിലനിൽക്കുമ്പോഴും ആയത് പരിഹരിക്കാൻ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് 2021-22 ൽ കൈക്കൊണ്ടിട്ടില്ല. കൂടാതെ 2021-22 ലെ ബജറ്റിൽ വായ്പ ഇനത്തിൽ പദ്ധതി വിഹിതത്തിന്റെ 15% വരുന്ന തുക തിരിച്ചടവിന് വേണ്ടി വകയിരുത്തിയിട്ടുമില്ല. സാമ്പത്തികനില മെച്ചെപ്പെടുത്താൻ വരുമാനം വർധിപ്പിച്ച്, ചെലവ് കുറച്ച് അതിലൂടെ ധനകമ്മി കുറച്ച് കൊണ്ടുവരുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 സമ്പൂർണ്ണ ഭവന നിർമ്മാണം കോ ഓപ്പറേറ്റീവ് ബാങ്കിൽ കോടികളുടെ ബാധ്യത

മേൽ പദ്ധതിയുടെ ഭാഗമായി 2014 - 25വർഷം ബാങ്കിൽ നിന്ന് 4കോടി രൂപ വായ്പയെടുത്ത് ( 507/15) നടപ്പാക്കാനാണ് ഉദ്ദേശിച്ചത് ഇത് പ്രകാരം കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 4കോടി രൂപ വായ്പ്പയെടുക്കുകയും ഇതിന് സർക്കാർ അനുമതി നല്കുകയുമുണ്ടായി. 17. 10. 2014 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 60800/DB1/14/തസ്വഭവ കത്ത് കാണുക. 11. 3. 2013 ലെ ജി ഒ (എം എസ് ) 83/13/ തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു അനുമതി. പ്രസ്തുത ഉത്തരവിൽ വായ്പ്പയുടെ തിരിച്ചടവ് കാലയളവ് 10വർഷത്തിൽ അധികരിക്കരുതെന്നും, വായ്പ്പാ തുകയുടെ പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15% ൽ കവിയാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വായ്പ്പയുടെ മുതൽ തുക വികസന ഫണ്ടിൽനിന്നും പലിശ തനത് ഫണ്ടിൽനിന്നും തിരിച്ചടക്കേണ്ടതാണ് എന്ന് ഉത്തരവായി. ഇതനുസരിച്ച് കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 14% പലിശയോടുകൂടി ഗ്രാമപഞ്ചായത്ത് 4കോടി രൂപ വായ്പ്പയെടുത്തു. ബാങ്കുമായി വെച്ച കരാർ പ്രകാരം വായ്പ്പാ കാലയളവ് 10 വർഷമായതിനാൽ ഓരോ വർഷവും വായ്പ്പ തുകയുടെ 10% തുക മുതലിലേക്ക് തിരിച്ചടക്കണമെന്നും, മാസാവസാനത്തിൽ ബാക്കി നിൽക്കുന്ന തുകക്ക് 14% പലിശ കണക്കാക്കി ആയത് മാസം തോറും അടക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. നാളിത് വരെ അടച്ച മുതലിന്റെയും പലിശയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | മുതൽ | പലിശ |
|---|---|---|
| 2015 – 16 | 2000000 | 1815078 |
| 2016 – 17 | 1450000 | 4091121 |
| 2017 – 18 | 2077749 | 3897291 |
| 2018 – 19 | - | 4245026 |

| | | |
|---|---|---|
| 2019 – 20 | - | 4236395 |
| 2020 – 21 | - | 3792662 |
| 2021 – 22 | - | 1432332 |
| 31.7.2021 വരെ | | |
| ആകെ | 5527749 | 23509905 |

നാളിത് വരെ മുതൽ ഇനത്തിൽ 5527749രൂപയും പലിശ ഇനത്തിൽ 23509905 രൂപയും ബാങ്കിന് അടവാക്കിയിട്ടുണ്ട്. 4 കോടി രൂപ വായ്പ അനുവദിച്ചെങ്കിലും 34560000 (മൂന്ന് കോടി നാല്പത്തഞ്ച് ലക്ഷത്തി അറുപതിനായിരം) രൂപ മാത്രമാണ് വായ്പ ഇനത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞുള്ളൂ. ബാങ്കിന്റെ ലെഡ്ജർ സ്റ്റേറ്റ്മെന്റ് , നീക്കിയിരുപ്പ് എന്നിവ പരിശോധിച്ചതിലും, ഫയൽ പരിശോധിച്ചതിലും താഴെ കൊടുത്ത അപാകത കാണുന്നു

1) ജി ഒ (എം എസ് ) 83/13/ തസ്വഭവ തീ. 11.3.2013ലെ ഉത്തരവ് പ്രകാരം പ്രാദേശികമായി ഭവന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സർക്കാർ അനുമതി നല്കിയതോടൊപ്പം, വായ്പ്പ എടുക്കാനുള്ള അനുമതിയും നൽകി. ഇപ്രകാരം എടുക്കുന്ന വായ്പ്പക്ക് പ്രതിവർഷം തിരിച്ചടവ് വികസന ഫണ്ടിന്റെ 15% കവിയാൻ പാടില്ലാത്തതാണ് എന്ന് നിഷ്കർഷിക്കുന്നു. 2014 – 15 വർഷമാണ് ഗ്രാമപഞ്ചായത്ത് 4കോടി രൂപ ലോൺ എടുത്തത് . 2014 – 15 വർഷം പദ്ധതി വിഹിതം ജനറൽ, ടി .എൻ. പി , എൻ.സി.പി എന്നിവ ഉൾപ്പെടെ അകെ 18486000രൂപയാണ് . (12281000 + 1397000 + 4808000=18486000). ഇവിടെ 4 കോടി രൂപ ലോണെടുത്തതിനാൽ 40 ലക്ഷം രൂപയാണ് പ്രതിവർഷം മുതലിലേക്ക് തിരിച്ചടവ്. ഇപ്രകാരം 10 വർഷത്തേക്കാണ് ലോൺ സ്വീകരിച്ചത് എന്നാൽ ഉത്തരവ് പ്രകാരം 2014 – 15 വർഷത്തെ വാർഷിക പദ്ധതി അലോട്ട്മെന്റിൽ 15% മാത്രമാണ് മുതൽ ഇനത്തിൽ ലോൺ തിരിച്ചടവ് വരേണ്ടത് . ഇത് കണക്കാക്കിയാൽ 18460000രൂപയും 15% തുകയായ 2769000 രൂപയായിരുന്നു ലോൺ തിരിച്ചടവ് വരേണ്ടത്. എന്നാൽ ഇതിന് പകരം 40ലക്ഷം രൂപ തിരിച്ചടവ് വരുന്ന രീതിയിൽ 4കോടി രൂപയാണ് വായ്പ്പയെടുത്തത് . യഥാർത്ഥത്തിൽ 2കോടി 76ലക്ഷം രൂപക്ക് മാത്രമാണ് വായ്പ്പക്ക് അർഹത.

2 ) ഈ പദ്ധതിയുടെ ലോൺ തിരിച്ചടവ് ഫയൽ പരിശോധിച്ചതിൽ 31.7.2021ന് 30416401രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ ലോൺ 14% പലിശക്കാണ് എടുത്തിട്ടുള്ളത് . ലോൺ തുക നാളിതുവരെ മുതലിലേക്ക് 5527749രൂപ മാത്രമാണ് തിരിച്ചടവ് . 2015 – 16 മുതൽ 2020 – 21 വരെയുള്ള കാലയളവിൽ ലോൺ എഗ്രിമെന്റ് പ്രകാരം 6ഗഡുക്കളായി 2 കോടി 40ലക്ഷം രൂപ തിരിച്ചടക്കേണ്ടതായിരുന്നു. കൂടാതെ ഓരോ വർഷവും മുതലിലേക്ക് 40ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി അടക്കാമെന്ന് അനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ 2018 – 19 മുതൽ നാളിതുവരെ പ്രിൻസിപ്പിൾ ഇനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല.

3 ) ബാങ്ക് ഗ്രാമ പഞ്ചായത്തിന് നൽകിയ ലോൺ സ്റ്റേറ്റ്മെന്റിൽ പലിശ ഇനത്തിൽ എത്ര തുക ഈടാക്കി എന്ന് വ്യക്തമാകുന്നില്ല. ഓരോ മാസവും 14% പലിശ കണക്കാക്കി ആയത് മുതലിനോട് കൂട്ടി തിരിച്ചടവ് അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ 16.8.2021ന് സെക്രട്ടറി , അക്കൗണ്ടന്റ് എന്നിവരുടെ കൂടെ ഓഡിറ്റ് ടീം കാരശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ ലോൺ സെക്ഷൻ മാനേജരെ നേരിൽ കണ്ടതിൽ സ്റ്റേറ്റ്മെന്റ് പുതുക്കി നൽകുകയും പലിശ സമയത്ത് ഒടുക്കിയിട്ടില്ലെങ്കിൽ പിഴ പലിശ ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കി . ഗ്രാമപഞ്ചായത്ത് മാസത്തിൽ പലിശ ഒടുക്കാത്തതിനാൽ ഈ ഇനത്തിൽ നാളിത് വരെ 325985 രൂപ ഈടാക്കിയിട്ടുണ്ടെന്നും, അത് ലോൺ പൂർണ്ണമായി തിരിച്ചടക്കുമ്പോൾ ഒഴിവാക്കാമെന്നും അറിയിച്ചു.

4 ) ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം ഓരോ മാസവും 14 % പലിശ കണക്കാക്കി അത് മുതലിനോട് കൂട്ടി ആ മാസം തിരിച്ചടവിൽ വീഴ്ച്ച വരുത്തിയാൽ മുതലും പലിശയും ഉൾപ്പെടുന്ന തുകക്ക് അടുത്ത മാസം 14 % പലിശ കണക്കാക്കുകയാണ് ചെയ്യുന്നത് . ഇതിൽ നിന്നും 14 % കൂട്ടുപലിശയാണ് ബാങ്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ഈടാക്കുന്നത് . ഇക്കാര്യവും ബാങ്ക് അധികൃതർ അംഗീകരിച്ചിട്ടുണ്ട് . ലോൺ എഗ്രിമെന്റ് പ്രകാരം 14 % വാർഷിക പലിശ നിരക്കിൽ നിശ്ചയിച്ചിട്ടുള്ളത് ആയതിനാൽ കൂട്ടുപലിശ ഇനത്തിൽ നാളിതുവരെ എത്ര തുക അടവാക്കി എന്നത് കണക്കാക്കി ആയത് ലോണിന്റെ അടുത്ത അടവ് മുതൽ ക്രമീകരിക്കേണ്ടതാണ് .

<u>1-9 വസ്തു നികുതി നിർണ്ണയം - പഞ്ചായത്തിലെ മുഴവൻ റോഡുകളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

I ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ ഫോറം -6 പരിശോധിച്ചതിൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയുടെ വർധനവ് പരിശോധിക്കുകയുണ്ടായി. ഇതിൽ 5 മീറ്ററോ, അതിൽ കൂടുതലോ വഴി സൗകര്യമുള്ള റോഡിന് 20% വർധനവ് ആണ് ഉള്ളത്. ഇത്തരത്തിൽ 207 റോഡുകൾ ആണ് സഞ്ചയയിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 2018ൽ തന്നെ 333 റോഡാണുള്ളത്. ആസ്തി രജിസ്റ്ററിൽ വാർഡ് 18-ൽ റോഡൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. മേൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ 207 റോഡിന്റേയും വീതി എത്രയെന്ന് കാണിച്ചിട്ടില്ല.

തടപ്പറമ്പ് കോളനി റോഡ് സംബന്ധിച്ച് കോടതി വ്യവഹാരത്തിന്റെ ഭാഗമായി ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തൽ നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ നീക്കി ആസ്തി രജിസ്റ്റർ കാലികമാക്കി ആയതിന് ശേഷം സഞ്ചയ സോഫ്റ്റ് വെയറിൽ റോഡ് കൃത്യമായി വീതിയും നീളവും രേഖപ്പെടുത്തി അടിസ്ഥാന നികുതി ഇനത്തിൽ വർധനവ് വരുന്നവ എത്രയെന്ന് തിട്ടപ്പെടുത്തി, നികുതി ചോർച്ച തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II ഇത്തരത്തിൽ റോഡിന്റെ വീതി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിനാൽ സംഭവിച്ച ഒരു നികുതി കുറവ് താഴെ കൊടുക്കുന്നു.

ശ്രീ. സുനീർ. ഒ.കെ. ശ്രീമതി. സുഹറ പാറക്കൽ ആനയാംകുന്ന് എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ തറവിസ്തീർണ്ണം കൂടുതലുള്ള ഹോട്ടൽ / റസ്റ്റോറന്റ് / ഗോഡൗൺ കെട്ടിടത്തിൽ ഒരു ച.മീറ്ററിന് 50 രൂപ നിരക്കാണ് നികുതി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയത്. ഇപ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|
| 1 | 18/333 ബി | 22 | 1100 | 55 | 1155 |
| 2 | 18/333 സി | 22 | 1100 | 55 | 1155 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | 18/333 ഡി | 22 | 1100 | 55 | 1155 |
| 4 | 18/333 ഇ | 77.64 | 3882 | 195 | 4077 |
| ആകെ | | | 7182 | 360 | 7542 |

കെട്ടിട നിർമ്മാണം പൂർത്തിയായി കെട്ടിട നമ്പർ അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച ഫയൽ (എ3-2231/19) പ്രകാരമാണ് മേൽ നികുതി കണക്കാക്കിയത്. ഇത് 2019-20 വർഷം മുതൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ ഫയലിനോടൊപ്പമുള്ള സൈറ്റ് പ്ലാൻ പ്രകാരം ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത് മുക്കം-കാരമൂല റോഡിന് ഓരത്താണ്. പ്രസ്തുത റോഡിന്റെ വീതി 12 മീറ്ററാണെന്ന് പ്ലാൻ വരച്ച എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ഫോറം 6 പ്രകാരം നികുതി കണക്കാക്കിയപ്പോൾ അടിസ്ഥാന നികുതി മാത്രമാണ് ഈടാക്കിയത്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ ഓരത്താണ് കെട്ടിടമെങ്കിൽ അടിസ്ഥാന നികുതിയിൽ 20% വർധനവ് ഉണ്ടായിരിക്കും. ഇവിടെ 12 മീറ്ററാണ് റോഡിന്റെ വീതി. എന്നിട്ട് പോലും വർധനവ് വരുത്തിയിട്ടില്ല. വാർഡ്18ൽ ഈ റോഡ് അതിന്റെ വീതി എന്നിവ ഇല്ലാത്തതിനാൽ വർധനവ് സാധ്യവുമല്ല. 2019-20 മുതൽ 2020-21 വരെ ഈ ഇനത്തിൽ വന്ന വരവ് നഷ്ടം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | അടിസ്ഥാന നികുതി | 20% വർധനവ് | ആകെ |
|---|---|---|---|---|
| 1 | 18/333 ബി | 1100 | 220 | 1320 |
| 2 | 18/333 സി | 1100 | 220 | 1320 |
| 3 | 18/333 ഡി | 1100 | 220 | 1320 |
| 4 | 18/333 ഇ | 3882 | | 4658 |
| | | | | 8618 |

ഓരോ വർഷവും ഈ ഇനത്തിൽ 1436/- രൂപയും (8618 - 7182=1436 ) അതിന്റെ 5 ശതമാനം ലൈബ്രറിസെസ്സ് 72- രൂപയും നഷ്ടപ്പെടുന്നുണ്ട്. 2019-20മുതൽ നഷ്ടം വന്ന തുക 1508/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ രീതിയിൽ, സഞ്ചയയിൽ നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടെയും നികുതി, ചേർന്ന് കിടക്കുന്ന റോഡിന്റെ വീതിയുടെ അടിസ്ഥാനത്തിൽ പുനഃ പരിശോധിച്ച് പഞ്ചായത്തിനുണ്ടാകുന്ന ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

<u>1-10 ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് അധികം നൽകി.</u>

പ്രൊജക്ടിന്റെ പേര്,നമ്പർ-വി.ജി.എഫ്.(ഹരിതകർമ്മസേനാംഗങ്ങൾക്ക് തുക നൽകൽ) 332/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.

വകയിരുത്തിയ തുക-208800/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ചതുക 191000/-(Bill No:174/25.08.20)

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന 31.01.2019ന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുടക്കത്തിൽ ഹരിതകർമ്മസേനയിൽ ഇരുപത്തേഴ് അംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ ഇരുപത്തഞ്ച് അംഗങ്ങളാണുള്ളത്. ഓരോ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ കൊണ്ടുവന്ന് തരംതിരിച്ച് വില ലഭിക്കുന്ന സാധനങ്ങൾ വിൽക്കുകയും റിജക്ട്സ് കയറ്റിഅയക്കുകയുമാണ് ചെയ്തു വന്നിരുന്നത്. സാധനങ്ങൾ വിൽക്കുന്നതിലൂടെയും യൂസർഫീയിനത്തിലും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് സേനാംഗങ്ങൾക്ക് വേതനം നൽകേണ്ടത്. ഇത്തരത്തിലുള്ള വരവുകൾ തികയാത്ത സന്ദർഭങ്ങളിൽ തനത് വരുമാനം ഉപയോഗിച്ച് നൽകിയതിന്റെ ബാക്കി വേതനം സർക്കാർ പ്രത്യേക ഉത്തരവിലൂടെ ഗ്യാപ് ഫണ്ടായി നൽകാറുണ്ട്. എം.സി.എഫിന്റെയും ഹരിതകർമ്മസേനയുടെയും പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്.

25.03.2019ലെ 703/2019ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറുമാസത്തേക്ക് കൂടി മാത്രം (4/19 To 9/19)വയബിലിറ്റ് ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം വേതനമിനത്തിൽ 191000/-രൂപ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം മാസങ്ങളിലേക്കുള്ള വേതനശിഷ്ടമാണ് നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല.ഓരോ മാസത്തെയും വേതനവിവരങ്ങൾ (അംഗത്തിന്റെ പേര്, മാസം, ഹാജരായദിവസം, ആകെവേതനം, തനത് ഫണ്ട് ഉപയോഗിച്ച് നൽകിയത്, ബാക്കി നൽകാനുള്ളത്, വി.ജി.എഫ് ഉപയോഗിച്ച് നൽകുന്നത് എന്നിവ ഉൾപ്പടെ)പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചുപോകുന്നതിനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/20-21തിയ്യതി16.08.21) വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച വേതനവിവര പട്ടികയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ച 5/19മുതൽ 9/19 വരെ അംഗങ്ങൾക്ക് ബാക്കി നൽകാനുള്ള തുക(മേൽ ഉത്തരവ് പ്രകാരം) | 366200/- |
| 2019-20ൽ നൽകിയത്(വി.ജി.എഫ്) | 196900/- |
| 2020-21ൽ നൽകിയത്(വി.ജി.എഫ്) | 191000/- |
| ആകെ | 387900/- |
| അധികം നൽകിയത്(387900-366200) | 21700/- |

അധികം നൽകിയ വി.ജി.എഫ്. 21700/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതും ഹരിതകർമ്മസേനയുടെ പ്രവർത്തനം പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11 വെൻ്റ് പൈപ്പ് പാലം ആനയാം കുന്ന് റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻ്റ് എഞ്ചിനീയർ

പ്രൊജക്ട് - 155/2020-21 (സ്പിൽ ഓവർ)

കരാറുകാരൻ - ശ്രീ. ഷിനിൽ. കെ.എം

അടങ്കൽ - 1210000(മെയിൻ്റനൻസ് ഗ്രാൻ്റ് റോഡ്)

ചെലവ് - 863317 (ബിൽ നം.20170851201234251 /12.03.2021)

കരാർ - 71/2019-20/27.2.2020

വെൻ്റ് പൈപ്പ് പാലം ആനയാംകുന്ന് റോഡ് മുക്കം കടവ് പാലത്തിൽ നിന്ന് തുടങ്ങി 580 മീറ്റർ നീളത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ റോഡ് ഉയർത്തി റീടാറിങ്ങ് നടത്തുന്നതിനാണ് ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവൃത്തി നടത്താനായി 03.02.2020 ൽ നടത്തിയ ഇ -ടെണ്ടറിൽ കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ. ഷിനിൽ. കെ.എം കരാറുകാരന് 1074046.85 രൂപയക്ക് പ്രവൃത്തി കരാർ നൽകി (11.24% കുറവ്) . 27.02 2020 ന് കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ കാലമായിട്ടും കരാറുകാരൻ പ്രവർത്തനം ആരംഭിച്ചിരുന്നില്ല. എന്നാൽ 04.08.2020 ലെ 4/2 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഈ പദ്ധതി റിവൈസ് ചെയ്യാൻ തീരുമാനിച്ചു. ഈ റോഡിൻ്റെ പുനരുദ്ധാരണത്തിനായി CMLRRP എന്ന മുഖ്യമന്ത്രിയിടെ റോഡ് പ്രൊജക്ടിൽനിന്ന് 60 ലക്ഷം രൂപ അനുവദിച്ചതിനാൽ രണ്ട് സമാന പ്രവൃത്തികൾ ഒരേ റോഡിൽ പ്രാവർത്തികമാക്കുക സാധ്യമല്ലാത്തതിനാൽ ഒറിജിനൽ എസ്റ്റീമേറ്റ് റിവൈസ് ചെയ്ത് ഇതേറോഡിലെ ചില ഭാഗത്തെ ഡ്രെയിനേജ് സംവിധാനവും കൾവർട്ടും നിർമ്മിക്കാൻ തീരുമാനിച്ചു. പ്രവർത്തി ഇതേ കരാറുകാരൻ 07.09.2020 മുതൽ 16.11.2020 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ചു (എം.ബുക്ക് നം. 86/20-21) . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)13/2012/PWD/01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.6 ൽ പ്രൊജക്ട് റീവൈസ് ചെയ്യേണ്ട സാഹചര്യങ്ങൾ എന്തെല്ലാം മാണെന്ന് വ്യക്തമാക്കുന്നുണ്ട്. TS ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും, ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് 5% അധികരിച്ചാലുമാണ് പ്രൊജക്ട് റിവൈസ് ചെയ്യുന്നത്. ഇവിടെ ഒറിജിനൽ എസ്റ്റിമേറ്റിലെ ആകെയുള്ള 11 ഇനം പ്രവൃത്തികളും ഒഴിവാക്കി, പുതിയ 9 ഇനങ്ങൾ ഉൾപ്പെട്ട പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ഇതേ കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കി. ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് ആയി കണക്കാക്കിയതും സാങ്കേതിക അനുമതി ലഭിച്ചതും എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇവിടെ നിലവിലെ കരാർ റദ്ദാക്കി പുതിയ ടെണ്ടർ നടപടികളിലൂടെ യായിരുന്നു പ്രവൃത്തിപൂർത്തിയാക്കേണ്ടിയിരുന്നത്.

2) കരാറുകാരന് പ്രവർത്തി ബിൽ തുക അനുവദിച്ചപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയതായി ചെയ്ത പ്രവൃത്തി ഇനങ്ങൾക്ക് കരാറുകാരൻ മുൻ പദ്ധതിയിൽ ക്വോട്ട് ചെയ്ത ഇളവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ആകെ പ്രവർത്തി മൂല്യം | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം അനുവദിച്ചത് |
|---|---|---|---|
| 770819 | 770819+12% GST 92498 =863317 | 770819- 11.24% കുറവ് 86640= 684179 +12%GST 82101=766280 | 863317-766280 =97037 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 14 /2020-21 തിയ്യതി : 18 .08.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 97037 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല . അധികം ചെലവഴിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി അധിക തുക നൽകി

പ്രൊജക്ടിൻ്റെ പേരും നമ്പറും- പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി -30/21

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷിഓഫീസർ

വകയിരുത്തിയതുക 60000/-(വികസനഫണ്ട്-പൊതുവിഭാഗം)

50000/-(ബ്ലോക്ക് വിഹിതം)

60000/- (ജില്ലാ പഞ്ചായത്ത് വിഹിതം )

45000/-(മറ്റുള്ളവ )

ചെലവ് തുക,ബിൽ- 60000/-(വികസനഫണ്ട്-പൊതുവിഭാഗം)4/11.2.21

50000/-(ബ്ലോക്ക് വിഹിതം) 5/11.2.21

60000/- (ജില്ലാ പഞ്ചായത്ത് വിഹിതം ) 6/11.2.21

170000/-

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പത്ത് സെൻ്റ് ഭൂമിയിലെങ്കിലും പച്ചക്കറികൃഷി ചെയ്യുന്നവർക്ക്, കൂലിചെലവിൻ്റെ വൌച്ചർ ഹാജരാക്കുന്ന മുറക്ക്, ചെലവിൻ്റെ 75% സബ്സിഡി നൽകുന്നതിനാണ് ഉദ്ദേശിച്ചത്. എന്നാൽ 35 ഗുണഭോക്താക്കൾക്കായി അവരുടെ ചെലവ് വൌച്ചറിൻ്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിനു വിരുദ്ധമായി അധിക തുക നൽകിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻ്റെ പേര് | നൽകേണ്ട തുക (ചെലവു വൌച്ചർ പ്രകാരം) | നൽകിയ തുക(ബിൽ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | മൊയ്തീൻകുട്ടി എ.കെ | 24000x75/100=18000 | 20400 | 2400 |
| 2 | ബാബു.ഇ.പി | 12000x75/100=9000 | 10200 | 1200 |

| | | | | |
|---|---|---|---|---|
| 3 | വഹാബ് | 12000x75/100=9000 | 10200 | 1200 |
| 4 | മോഹനൻ | 8000x75/100=6000 | 6800 | 800 |
| 5 | മൊഹമ്മദാലി.കെ.കെ | 5600x75/100=4200 | 4760 | 560 |
| 6 | ആലിക്കുട്ടി | 8000x75/100=6000 | 6800 | 800 |
| 7 | ഷാനവാസ്.കെ | 8000x75/100=6000 | 6800 | 800 |
| 8 | കുഞ്ഞിമുഹമ്മദ് | 8000x75/100=6000 | 6800 | 800 |
| 9 | ഇബ്രാഹിം | 4000x75/100=3000 | 3400 | 400 |
| 10 | പാത്തുട്ടി | 8000x75/100=6000 | 6800 | 800 |
| 11 | നൂറുദ്ദീൻ.ടി.പി | 800x75/100=600 | 680 | 80 |
| 12 | രാജേഷ്.പി | 5600x75/100=4200 | 4760 | 560 |
| 13 | സന്തോഷ് | 8000x75/100=6000 | 6800 | 800 |
| 14 | അഖിലേഷ് | 13680x75/100=10260 | 11628 | 1368 |
| 15 | ശോഭന | 4000x75/100=3000 | 3400 | 400 |
| 16 | മൈഥിലി | 800x75/100=600 | 680 | 80 |
| 17 | അഷിൽ.ടി | 8000x75/100=6000 | 6800 | 800 |
| 18 | മാത്യു | 6400x75/100=4800 | 5440 | 640 |
| 19 | ലീല | 800x75/100=600 | 680 | 80 |
| 20 | ഭാസ്കരൻ.ഇ.പി | 15200x75/100=11400 | 12920 | 1520 |
| 21 | ഹരിദാസൻ.ടി | 3200x75/100=2400 | 2720 | 320 |
| 22 | ഉണ്ണി.സി | 4000x75/100=3000 | 3400 | 400 |
| 23 | ഹാഷിഫ് | 800x75/100=600 | 680 | 80 |
| 24 | റംല.എം.എം | 800x75/100=600 | 680 | 80 |
| 25 | അയമദ്കുട്ടി | 8000x75/100=6000 | 6800 | 800 |
| 26 | സൈനബ | 2320x75/100=1740 | 1972 | 232 |
| 27 | സുരേഷ് കുമാർ | 4000x75/100=3000 | 3400 | 400 |
| 28 | അബ്ദുസലാം.ടി.കെ | 800x75/100=600 | 680 | 80 |
| 29 | ഉണ്ണികൃഷ്ണൻ.പി | 2000x75/100=1500 | 1700 | 200 |
| 30 | സുമ | 1200x75/100=900 | 1020 | 120 |
| 31 | സിബി ജോസഫ് | 2400x75/100=1800 | 2040 | 240 |
| 32 | ലൈല.കെ.പി | 800x75/100=600 | 680 | 80 |
| 33 | സജ്ന | 1600x75/100=1200 | 1360 | 160 |
| 34 | സണ്ണി | 4000x75/100=3000 | 3400 | 400 |
| 35 | മറിയം.കെ | 3200x75/100=2400 | 2720 | 320 |
| | ആകെ | 150000/- | 170000/- | 20000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/18.08.21)മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ തുക 20000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1-13 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നു.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ കൊടുത്ത മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് കരാറുകാർ മുഖേന അതിനാവശ്യമായ മെറ്റീരിയൽ വാങ്ങിച്ചു നൽകിയിട്ടുണ്ട്. ഇതിനായി 2 വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പ്രവൃത്തിയുടെ എണ്ണം | മെറ്റീരിയൽസിന് വേണ്ടി ചെലവഴിച്ച തുക |
|---|---|---|
| 1. 2019-20 | 44 | 8927556 |
| 2.2020-21 | 71 | 12993915 |

ഇതിൽ 2019-20 വർഷം 11കരാറുകാർ ആണ് മെറ്റീരിയൽ വിതരണം ചെയ്തത്. ഇതിന് വിളിച്ച ടെൻഡറിൽ പങ്കെടുത്തവർ ക്വാട്ട് ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയ്ക്ക് ക്വാട്ട് ചെയത് നിരക്ക് | കരാറുകാരുടെ എണ്ണം |
|---|---|
| 1. എസ്റ്റിമേറ്റ് നിരക്ക് | 11 |
| 2. 0.1% കുറവ് | 12 |
| 3. 0.01% കുറവ് | 5 |
| | |

| | |
|---|---|
| 4. 0.2% കുറവ് | 3 |
| 5. 0.5% കുറവ് | 1 |
| 6. 3.1 % മുതൽ 10% വരെ | 6 |
| 7. 10% മുകളിൽ 18% വരെ | 6 |

ഇതിൽ 18% വരെ കുറവ് രേഖപ്പെടുത്തൽ ഒരു പ്രവൃത്തിയ്ക്ക് മാത്രമാണ്.

2020-21 വർഷത്തിൽ 8 കരാറുകാരാണ് മെറ്റീരിയൽ സപ്ലൈ ചെയ്തത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്വാട്ട് ചെയ്ത നിരക്ക് | പ്രവൃത്തിയുടെ മൂല്യം |
|---|---|
| 1. എസ്റ്റിമേറ്റ് നിരക്ക് | 31 |
| 2. 0.1% മുതൽ 0.5% കുറവ് | 5 |
| 3. 2% കുറവ് | 1 |
| 4. 7.7% കുറവ് | 6 |
| 5. 8% കുറവ് | 1 |
| 6. 10% മുതൽ 19.8% കുറവ് | 27 |

കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ മാത്രം 13 അംഗീകൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ ഗ്രാമപഞ്ചായത്തിന് ഈ ക്വാറികളിൽ നിന്ന് നേരിട്ട് വാങ്ങാമെന്നിരിക്കെയാണ് കരാറുകാർ മുഖേനെ ടെൻഡർ നടപടിയിലൂടെ മെറ്റീരിയൽ സംഭരിച്ചത്. 2019-20 ൽ ടെൻഡറിൽ പങ്കെടുത്തവരിൽ എസ്റ്റിമേറ്റ് നിരക്ക് മുതൽ 0.5% കുറവ് വരെ രേഖപ്പെടുത്തിയത് 32 പ്രവൃത്തികൾക്കും, 2020-21 ൽ 36 എണ്ണത്തിനുമാണ് . പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയലിന്റെ നിലവിലെ വില അംഗീകൃത ക്വാറികളിൽ ഒന്നായ മർവ്വ ഏജൻസീസ് പുതിയോട്ടിൽ (ജി.എസ്.ടി നമ്പർ:32AVJPM2555N129) എന്ന സ്ഥാപനത്തിൽ നിന്ന് നിലവിലെ മെറ്റീരിയൽ വില ക്വട്ടേഷനിലൂടെ (എൻ.ആർ.ഇ.ജി.എസ് എഞ്ചിനീയർ മുഖേന) ആവശ്യപ്പെട്ടതിൽ, താഴെ കൊടുക്കുന്ന നിരക്കാണ് ഓഡിറ്റ് സമയത്ത് കാരശ്ശേരി ഗ്രാമപ്ചായത്തിൽ കടത്ത്കൂലി ഉൾപ്പെടെ ക്വാട്ട് ചെയ്തത്. വിശദാംശം താഴെ കൊടുക്കുന്നു.

| | ഒരു ഘന അടിക്ക് |
|---|---|
| 1. പി.സാന്റ് | 48 രൂപ |
| 2. എം.സാന്റ് | 40 രൂപ |
| 3. 40 എം.എം.മെറ്റൽ | 28 രൂപ |
| 4. 30 എം.എം.മെറ്റൽ | 29 രൂപ |
| 5. 20 എം.എം.മെറ്റൽ | 30 രൂപ |
| 6. 12 എം.എം.മെറ്റൽ | 31 രൂപ |
| 7. 6 എം.എം.മെറ്റൽ | 31 രൂപ |
| 8. ക്വാറി ഡസ്റ്റ് | 26 രൂപ |
| 9. ക്വാറി മക്ക് | 29 രൂപ |
| 10. വെറ്റ് മിക്സ് | 32 രൂപ |

ഒരു ഘന മീറ്റർ 35.31 ഘന അടിയായി കണക്കാക്കിയാൽ എൻ.ആർ.ഇ.ജി.എസിന്റെ എസ്റ്റിമേറ്റിൽ ഡി.എസ്.ആർ റേറ്റ് പ്രകാരം അനുവദിയ്ക്കപ്പെട്ട തുകയും, പ്രാദേശികമായി ലഭ്യമായ മെറ്റീരിയലിന്റെ താരതമ്യം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെറ്റീരിയൽ | MNREGS നിരക്ക് 1 ഘന മീറ്ററിന് രൂപ | ലോക്കൽ ക്വാറി റേറ്റ് (കടത്ത് ഉൾപ്പെടെ) രൂപ | വ്യത്യാസം കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| 1. | പി.സാന്റ് | 2000 | 35.31x48 = 1695 | 15.25% |
| 2. | എം.സാന്റ് | 2200 | 35.31x40 – 1412 | 35.82% |
| 3. | 10 എം.എം | 2050 | 35.31x31 = 1095 | 46.59% |
| 4. | 20 എം എം | 2050 | 35.31x30 = 1059 | 48.34% |
| 5. | 40 എം എം | 1900 | 35.31x30 = 989 | 47.95% |
| 6. | ക്വാറി മക്ക് | 1250 | 35.31x29 = 1024 | 18.08% |

2020-21 വർഷങ്ങളിൽ ഏറ്റവും കുറവ് കരാറുകാരൻ മെറ്റീരിയൽ സപ്ലൈയ്ക്ക് ക്വാട്ട് ചെയ്ത പൂഴിയാറ അമ്പലക്കണ്ടി റോഡ് കോൺക്രീറ്റ് പ്രവൃത്തി പരിശോധിക്കുക. ഇതിന് 19.8% എസ്റ്റിമേറ്റ് നിരക്കിനേക്കാളും കുറവാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. ഈ പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയലിന്റെ എൻ.ആർ.ഇ.ജി.എസ് എസ്റ്റിമേറ്റിൽ കാണിച്ച ഡി.എസ്.ആർ നിരക്കിനേക്കാളും കുറവ് കുറവ് ക്വാട്ട് ചെയ്തപ്പോൾ കിട്ടുന്ന തുകയും ലോക്കലായി പർച്ചേസ് ചെയ്താൽ കിട്ടുന്ന തുകയും തമ്മിലുള്ള അന്തരം താഴെ കൊടുക്കുന്നു.

കരാറുകാരന്റെ പേര് : മുഹമ്മദ് ലൈസ്

| ക്രമ നം | ആവശ്യമായ മെറ്റീരിയൽ | അളവ് | അനുവദിച്ച തുക | ലോക്കൽ റേറ്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| 1. | 40 എം.എം.മെറ്റൽ | 12.13 | 17603.42 | 11996.57 | 5607 |
| 2. | 20 എം.എം മെറ്റൽ | 17.18 | 26900.44 | 18193.62 | 8707 |
| 3. | 10 എം.എം.മെറ്റൽ | 4.17 | 6529.39 | 4561.98 | 1967 |
| 4. | എം.സാന്റ് | 17.21 | 28919.34 | 24300.52 | 4619 |
| ആകെ | | | 79952.59 | 59052.69 | 20900 |

ഈ പ്രവൃത്തിയ്ക്ക് 79953 രൂപ മെറ്റീരിയലിന് അനുവദിയ്ക്കുമ്പോൾ ലോക്കൽ പർച്ചേസിനേക്കാൾ 20900 രൂപ അധികം നൽകേണ്ടി വരുന്നു. 2020-21 ൽ എസ്റ്റിമേറ്റ് നിരക്കിൽ ക്വാട്ട് ചെയ്ത ഫാത്തിമ എസ്റ്റേറ്റ് ഭജനമഠം റോഡ് കോൺക്രീറ്റ് പരിശോധിക്കാം.

കരാറുകാരൻ :ഹംസ.പി

| ക്രമ നം. | ആവശ്യമായ മെറ്റീരിയൽ | അളവ് | അനുവദിച്ച തുക | ലോക്കൽ റേറ്റ് പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 1. | 40 എം.എം മെറ്റൽ | 27.3 | 49399.90 | 26999.7 | 22400 |
| 2. | 20 എം.എം മെറ്റൽ | 31.18 | 60875.20 | 33019.62 | 27856 |
| 3. | 10 എം.എം.മെറ്റൽ | 6.93 | 13529.99 | 7588.35 | 5942 |
| 4. | എം.സാന്റ് | 33.75 | 70714.01 | 47655 | 23059 |
| ആകെ | | | 194519.11 | 115262.67 | 79257 |

ഇവിടെ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്തതിനാൽ കരാറുകാരന് അധികം നൽകേണ്ടി വന്നത് 79257 രൂപയാണ്. എസ്റ്റിമേറ്റ് നിരക്ക് മുതൽ 0.5% നിരക്ക് കുറവ് വരെ 2019-2020 ൽ ക്വാട്ട് ചെയ്ത് പ്രവൃത്തികൾ 32 എണ്ണവും (ആകെയുള്ള 44 എണ്ണത്തിൽ) 2020-21 ൽ 36 എണ്ണവുമാണ് (ആകെയുള്ള 71 എണ്ണത്തിൽ). ഇത്തരത്തിൽ 2019-20 വർഷം 89,27,556 രൂപയുടെയും 2020-21 വർഷത്തിൽ 12993915 രൂപയുടെയും മെറ്റീരിയൽ കരാറുകാരൻ മുഖേന പർച്ചേസ് ചെയ്യുമ്പോൾ അതായത് 2 വർഷം കൊണ്ട് 2 കോടിയിലധികം തുകയ്ക്ക് മെറ്റീരിയൽ പർച്ചേസ് ചെയ്യുമ്പോൾ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടപ്പെടുന്ന തുകയുടെ വ്യാപ്തി ലക്ഷങ്ങളായിരിക്കും. ഏറ്റവും കൂടുതൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത പ്രവൃത്തിയിൽ, നേരിട്ട് വാങ്ങിയിരുന്നെങ്കിൽ ചെലവഴിക്കേണ്ട തുകയേക്കാൾ 35.39% അധികം ചെലവഴിച്ചാണ് മെറ്റീരിയൽ വാങ്ങിയത് (20900/59052 X 100 =35.39%) എസ്റ്റിമേറ്റ് തുക ക്വാട്ട് ചെയ്തതിലാകട്ടേ അത് 68.76% അധികം ആകുന്നു. (79257/115262.67 X 100 = 68.76%) ഇത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം, മെറ്റീരിയൽ പർച്ചേസിൽ ഇടനിലക്കാരായി കരാറുകാരെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-14 ഊരാളിക്കുന്ന് കൊളക്കാടൻ മല റോഡ് നവീകരണം രണ്ട് പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച്</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഊരാളിക്കുന്ന് കൊളക്കാടൻ മല റോഡ് റീടാറിങ് പ്രവർത്തിയാക്കായി രണ്ട് പദ്ധതികൾ 2020-21 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. SO71/20-21 നമ്പർ പദ്ധതിയിൽ 490000രൂപ വകയിരുത്തി 489978 രൂപ ചെലവഴിച്ചു (ബിൽ നം. 201340214/24.03.21). SO139/20-21 പദ്ധതിയിൽ 500000 രൂപ വകയിരുത്തി 498158 (ബിൽ നം. 200471763/28.08.20) രൂപയും ചെലവഴിച്ചു. ആകെ ചെലവ് 988136 രൂപ.പ്രവർത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) ഒന്നാമത്തെ പ്രവർത്തിയിൽ ചെയിനേജ് A)Ch.0/100- 0/350, B) Ch. 0/400-0/500, C) Ch.0/600 -0/730 എന്നീ ചെയിനേജുകളിൽ റീടാറിങ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് . രണ്ടാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ Ch.0/130-0/170 വരെയുള്ള ചെയിനേജിൽ 19-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി റീ ടാറിങ് പൂർത്തിയാക്കിയിട്ടുള്ളതാണെന്ന് വ്യക്തമാകുന്നു. അതിനാൽ Ch.0/00- 0/130, Ch.0/720-1/077 വരെയുള്ള ചെയിനേജുകളിൽ റീ ടാറിങ് നടത്തുന്നതിനും 0/946 ചെയിനേജിൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നൽകുന്നതിനുമാണ് 20-21 ൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതായത് ചെയിനേജ് 0/100 മുതൽ 0/130 വരെയും 0/720 മുതൽ 0/730 വരെയുമുള്ള നീളത്തിലുള്ള പ്രവൃത്തികൾ 2 പദ്ധതികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. (എം-ബുക്ക് 861/19-20, 108/20-21 ) രണ്ട് പ്രവർത്തികളിലുമായി 40 മീറ്റർ നീളത്തിൽ ഓവർലാപ്പായി പ്രവൃത്തികൾ നടത്തിയതായി കാണുന്നു.

2) So139/20-21 പദ്ധതി 2020-21 വർഷത്തിൽ പുതിയ പദ്ധതിയായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതി 44/19-20/21.12.19 നമ്പർ പ്രകാരം കരാർ വച്ചിട്ടുള്ള 2019-20 വർഷത്തെ 62/19-20 നമ്പർ പദ്ധതിയാണ്. സ്പിൽ ഓവർ ആക്കേണ്ട പദ്ധതി പുതിയ പദ്ധതിയായി കാണിച്ചതെന്തിനെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . ഒരേ ചെയിനേജിൽ നടത്തിയ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക ഈടാക്കി വിവരം അറിയിക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

<u>1-15 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല</u>

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ ചിലത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലാണ് നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടത് . എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, പേര് | ബിൽ നമ്പർ, തിയ്യതി, ഫണ്ടിനം | തുക |
|---|---|---|
| [illegible] | [illegible] | |

| | | |
|---|---|---|
| 1)335/20-21 കണ്ണാട്ടുകുഴി കുടിവെള്ള പദ്ധതി | 6/20-21/29.03.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 177603 |
| 2) 268/20-21, നരിമട എസ്.ടി.കോളനി കുടിവെള്ള പദ്ധതി | 05/2020-21/22.07.20 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 197168 |
| 3) 275/20-21, ചുണ്ടത്തും പൊയിൽ അങ്കണവാടി കുടിവെള്ള പദ്ധതി | 1/20-21/05.05.20(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 198577 |
| 4) 262/20-21, മാവണ്ണ കാരാട്ട് കോളനി കുടിവെള്ള പദ്ധതി | 5044728-32/20-21/17.06.20(ജില്ലാപഞ്ചായത്ത് ഫണ്ട് ) | 290197 |
| | ആകെ ചെലവ് | 863545 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി റജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി റജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല . അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 7/20-21 തിയ്യതി : 17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 863545 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-16 മരണപ്പെട്ടവരുടേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നില്ല.

2020-21 കാലയളവിൽ കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡയരക്ട് ഹോം വിതരണത്തിൽ സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് Deceased എന്ന് രേഖപ്പെടുത്തിയ 139 പേരുകൾ കാണുന്നു. എന്നാൽ ഇത്തരത്തിൽ Deceased എന്നു രേഖപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് വിവിധ കാലയളവിലായി 2 മുതൽ 18 ഗഡുക്കൾ വരെ തുടർച്ചയായി പെൻഷൻ അയക്കുന്നതായി കാണുന്നു. നകാര്യ വകുപ്പിന്റെ 2/06/2021 ലെ എസ്.എഫ്.സി.ബി3/195/21 ധനം നമ്പർ കത്ത് പ്രകാരം പെൻഷൻ ഡയരക്ട് ഹോം വിതരണത്തിൽ സേവന സോഫ്റ്റ് വെയറിലെ സ്റ്റാറ്റസ് Deceased എന്ന് രേഖപ്പെടുത്തിയ കേസിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും നിജസ്ഥിതി ബോദ്ധ്യപ്പെട്ട് എല്ലാ മാസവും 20- ാം തിയ്യതിക്ക് മുമ്പുള്ള അവസാനത്തെ പ്രവൃത്തി ദിനത്തിനുള്ളിൽ സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കപ്പെടേണ്ട പെൻഷനുകൾ സസ്പെൻഡ് ചെയ്യേണ്ടതാണ്. കൂടാതെ സർക്കുലർ നമ്പർ 63/2021/ധനം തിയ്യതി. 2/08/2021 പ്രകാരം പ്രാദേശിക സർക്കാരിൽ നിന്ന് അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10- ാം തിയ്യതിക്ക് മുമ്പേ അറിയിക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് സമയ ബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതുണ്ട്. കൂടാതെ എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെട്ടവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ വകുപ്പിൽ (എസ് എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതുണ്ട്.

മേൽ ഉത്തരവ് പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ചകൂടാതെ അറിയിക്കാനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവിൽ നിന്നും സത്യ പ്രസ്ഥാവന വാങ്ങേണ്ടതാണ്. ഇതിനു പുറമെ മരണപ്പെട്ടവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നപക്ഷം പ്രസ്തുത ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടക്കേണ്ടതുമാണ്.

വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ താഴെകാണുന്ന അപാകതകൾ കാണുന്നു.

1. സേവന സോഫ്റ്റ് വെയറിൽ Deceased എന്ന് രേഖപ്പെടുത്തിയ 139 പേരിൽ 32 പേരുടെ മരണ വിവരം പഞ്ചായത്തിൽ രേഖപ്പെടുത്തലുകളുണ്ടായിട്ടും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ എടുത്തില്ല.

2. സേവന സോഫ്റ്റ് വെയറിൽ ഡയരക്ട് ഹോം വിതരണം ചെയ്യുന്നവരുടെ മരണ വിവരം മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. എന്നാൽ DBT പ്രകാരമുള്ള ലിസ്റ്റിൽ എത്ര പേർ മരണപ്പെട്ടുവെന്ന കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

3. പ്രാദേശിക സർക്കാരിൽ നിന്ന് അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ാം തിയ്യതിക്ക് മുമ്പേ അറിയിക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് സമയ ബന്ധിതമായി ഒഴിവാക്കാനുള്ള നടപടികളുണ്ടായിട്ടില്ല. കൂടാതെ ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമല്ല.

4. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ തുക രണ്ടു തവണയിലധികം കൈപ്പറ്റാത്തതിന്റെ വിവരം സമയബന്ധിതമായി സ്ഥാപനത്തെ അറിയിക്കുന്നില്ല.

5. ഗുണഭോക്താക്കളിൽ നിന്നും മരണ ശേഷം മരണവിവരം ബന്ധുക്കളാൽ അറിയിക്കുമെന്ന സത്യപ്രസ്താവന അപേക്ഷകളോടൊപ്പം സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സാമൂഹ്യസുരക്ഷാപെൻഷൻ - മരണപ്പെട്ടവരുടെ പെൻഷൻ വിതരണം ചെയ്യുന്നു

2020-21 കാലയളവിൽ കാരശ്ശേരി പഞ്ചായത്തിലെ വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണ ലിസ്റ്റിൽ 139 മരണപ്പെട്ടവരുടെ പേരുകൾ നിരന്തരമായി ഉൾപ്പെട്ടു വരുന്നത് സംബന്ധിച്ചുള്ള വിശദ പരിശോധനയിൽ ലിസ്റ്റിൽ ഉൾപ്പെട്ട 139 പേരിൽ 32 അപേക്ഷകരുടെ മരണ വിവരം മാത്രമാണ് പഞ്ചായത്തിലെ ഡത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും മാസങ്ങളായി ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതായി കാണുന്നു. മരണപ്പെട്ട അപേക്ഷകരിൽ നിന്നും 10 പേരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അപേക്ഷകന്റെ പേര് | മരണ തിയ്യതി | പെൻഷൻ അവസാനമായി വാങ്ങിയത് | മരണശേഷം ബാങ്കിലേക്കയച്ച ഗഡുക്കൾ | പെൻഷൻ ഐഡി നമ്പർ |
|---|---|---|---|---|---|
| 1 | പാത്തുമ്മ | 12/06/20 | ഏപ്രിൽ/20 | മെയ് 2020 മുതൽ 12 ഗഡുക്കൾ | വിധവാ പെൻഷൻ /110580600585 |
| 2 | മുഹമ്മദ് കെ.സി | 14/05/20 | ഏപ്രിൽ/20 | മെയ് 2020 മുതൽ 14 ഗഡുക്കൾ | വാർദ്ധക്യകാല പെൻഷൻ/110580201455 |
| 3 | ആയിഷബി | 15/09/20 | ആഗസ്റ്റ്/20 | സെപ്തം/2020മുതൽ 12 ഗഡുക്കൾ | കർഷക തൊഴിലാളി പെൻഷൻ/11058010192 |
| 4 | ആസിയ | 16/04/20 | ഏപ്രിൽ/20 | മെയ് 2020 മുതൽ 14 ഗഡുക്കൾ | വാർദ്ധക്യകാല പെൻഷൻ/110580200059 |
| 5 | ദേവകി അമ്മ | 3/01/2020 | സെപ്തം/2019 | ഒക്ടോ.2019 മുതൽ 16ഗഡുക്കൾ | കർഷക തൊഴിലാളി പെൻഷൻ/11058400342 |
| 6 | ഏലി | 6/10/20 | സെപ്തം/2020 | ഒക്ടോ.2020 മുതൽ 11ഗഡുക്കൾ | കർഷക തൊഴിലാളി പെൻഷൻ/110580100228 |
| 7 | മുഹമ്മദ് കുട്ടി | 22/04/20 | ഏപ്രിൽ/20 | മെയ് 2020 മുതൽ 14 ഗഡുക്കൾ | വാർദ്ധക്യകാല പെൻഷൻ/110580200813 |
| 8 | ചിരുത | 15/12/2019 | ജൂലൈ/19 | ആഗസ്റ്റ് /19 മുതൽ 17 ഗഡുക്കൾ | കർഷക തൊഴിലാളി പെൻഷൻ/110580100660 |
| 9 | ദേവകി | 14/05/2020 | ഏപ്രിൽ/2020 | മെയ്/2020 മുതൽ 14 ഗഡുക്കൾ | കർഷക തൊഴിലാളി പെൻഷൻ/110580100359 |
| 10 | ആമിന | 17/12/2019 | ജൂലൈ/19 | ആഗസ്റ്റ് /19 മുതൽ 17 ഗഡുക്കൾ | വാർദ്ധക്യകാല പെൻഷൻ/110580200109 |

പെൻഷണർ മരണപ്പെടുകയോ രണ്ട് മാസത്തിൽ കൂടുതൽ തുക കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ പെൻഷൻ വിതരണം നിർത്തൽ ചെയ്യേണ്ടതാണെന്ന് സ.ഉ (പി) നം.31/2000 തൊഴിൽ/തിയ്യതി14/03/2020, സ.ഉ(പി)നം.11/2003/തൊഴിൽ/ തിയ്യതി/23/08/2003 എന്നിവ പ്രകാരം വ്യക്തമാക്കുന്നു.

മരണപ്പെട്ടവരെ പെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 കോവിഡ് മൂലം പ്രവർത്തനം നിലച്ച പകൽവീടിന്റെ വാടകഇളവിന് നടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പകൽവീട് 96/21 |
| വകയിരുത്തിയ തുക | 480000/-(വികസന ഫണ്ട്-പൊതു.) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 80000/-(10/17.9.20)<br>60000/-(16/12.11.20)<br>40000/-(22/12.1.21)<br>20000/-(28/2.3.21)<br>20000/-(32/19.3.21)<br>20000/-(38/25.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,കാരശ്ശേരി |

മേൽ പ്രൊജക്ട് പ്രകാരം നെല്ലിക്കാപറമ്പിൽ ശ്രീ ഗോശാലക്കൽ അബ്ദുൽഅക്ബർ എന്നവരുടെ ഉടമസ്ഥതയിലുള്ള KP/13/264 നമ്പർ വീട്ടിൽ , പ്രതിമാസം 20000/-വാടകക്ക് പ്രവർത്തിക്കുന്ന ലജൻ്റ് ക്ളബ്ബ് എന്ന പകൽവീടിന് 2020-21ൽ 240000/-രൂപ വാടക

നൽകിയിട്ടുണ്ട്.കോവിഡ് കാരണം പ്രസ്തുത വർഷം സ്ഥാപനം തുറന്നുപ്രവർത്തിച്ചിട്ടില്ല.

കോവിഡ് മഹാമാരി സംസ്ഥാനമൊട്ടാകെ പടർന്നുപിടിച്ചവേളയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കി നൽകണമെന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമായിരുന്നു. എന്നാൽ വിഭാവനം ചെയ്ത പ്രൊജക്ട് നടപ്പായില്ലെങ്കിലും കെട്ടിടത്തിന്റെ വാടക പൂർണ്ണമായും നൽകിയതായി കാണാവുന്നതാണ്. തുറന്നുപ്രവർത്തിക്കാത്ത സ്ഥാപനത്തിന് ഇത്രയും വലിയ തുക വാടകയിനത്തിൽ ചെലവഴിച്ചപ്പോൾ ആയതിന് ഇളവ് നേടുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല.

കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്ത് കാരശ്ശേരി ഗ്രാമ പഞ്ചായത്തിനായി ഏഴാം വാർഡിൽ പണികഴിപ്പിച്ച പകൽവീട് ബിൽഡിംഗിന് 20-21ൽ കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്ത് S0065/21 പ്രൊജക്ട് പ്രകാരം 692423/-രൂപ ചെലവഴിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ മുറ്റം ഇന്റർലോക്കിംഗ് കട്ടകൾ പതിച്ച് ജി.ഐ.ഷീറ്റ് കൊണ്ട് മേൽക്കൂര നിർമ്മിക്കുകയും ചുറ്റുമതിൽ കെട്ടുകയുമാണ് ചെയ്തത്.ആയതിൽനിന്നും പകൽവീടിനായി നിർമ്മിച്ച ഒരു കെട്ടിടം നിലവിലുണ്ടായിരിക്കെയാണ് ആയത് പൂർത്തീകരിച്ച് ഉപയുക്തമാക്കാതെ വലിയതുക പ്രതിമാസം വാടകനൽകി സ്വകാര്യവ്യക്തിയിൽനിന്നും കെട്ടിടം വാടകക്കെടുത്തിരിക്കുന്നത് . അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-06/20-21തിയ്യതി 17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽവെക്കുന്നു.

## 1-19 2019-20 വർഷത്തിൽ അംഗീകാരം വാങ്ങി നടപ്പിലാക്കാത്ത പദ്ധതികൾ 20-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാ ക്കുന്നതിന് 2019 20 വർഷത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ നടപ്പിലാക്കാതെ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു . ഈ പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്തിയിട്ടില്ല . വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജ. നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 59/20 | തോട്ടക്കാട് കൊളക്കാടൻമല റോഡ് റീ ടാറിങ്ങ് | 500000 | എം.ജി.ആർഫണ്ട് |
| 67/20 | സണ്ണിപ്പടി ഇല്ലിത്തോട് റോഡ് | 400000 | എം.ജി.എൻ.ആർഫണ്ട് |
| 62/20 | ഊരാളികുന്ന് കൊളക്കാടൻമല റോഡ് റീ ടാറിങ്ങ് | 400000 | എം.ജി.ആർഫണ്ട് |
| 125/20 | വാരിക്കേക്കൽ മറിയം കുഴി റോഡ് ടാറിങ്ങ് | 499900 | എം.ജി.ആർഫണ്ട് |
| 129/20 | മലാംകുന്ന് കണ്ണാട്ടുകുഴി റോഡ് പാർശ്വഭിത്തി | 110000 | എം.ജി.ആർഫണ്ട് |
| 132/20 | കറുത്ത പറമ്പ് മോലിക്കാവ് റോഡ് റീ ടാറിങ്ങ് | 800000 | എം.ജി.ആർഫണ്ട് |
| 133/20 | കറുത്ത പറമ്പ് എള്ളങ്ങൽ റോഡ് റീ ടാറിങ്ങ് | 495000 | എം.ജി.ആർഫണ്ട് |
| 136/20 | നെല്ലിക്കാ പറമ്പ് സർക്കാർ പറമ്പ് മാളിയോക്കൽ റോഡ് | 1299900 | എം.ജി.ആർഫണ്ട് |
| 137/20 | വലിയ പറമ്പ് കരിമ്പനക്കണ്ടി റോഡ് റീ ടാറിങ്ങ് | 395000 | എം.ജി.ആർഫണ്ട് |
| 139/20 | തേക്കിങ്ങ് ചുവട് നാഗേരിക്കുന്ന് റോഡ് | 399900 | എം.ജി.ആർഫണ്ട് |
| 152/20 | തുങ്ങലിൽ കുവ്വപ്പാറ റോഡ് | 400000 | എം.ജി.ആർഫണ്ട് |
| 155/20 | കപ്പാല എടക്കണ്ടി റോഡ് | 305000 | എം.ജി.ആർഫണ്ട് |
| 156/20 | കൊള്ളങ്ങോട്ട് പാലം നിർമ്മാണം | 200000 | എം.ജി.ആർഫണ്ട് |
| 188/20 | മാന്ത്ര കരീറ്റിപ്പുറം കുടിവെള്ള പദ്ധതി | 5000 | എം.ജി.എൻ.ആർഫണ്ട് |
| 308/20 | അങ്കണവാടികളുടെ നിർമ്മാണം | 296296 | വികസന ഫണ്ട് |
| 309/20 | കപ്പാലകാരാട്ട് കുടിവെള്ള പദ്ധതി | 200000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 316/20 | കുരുശുപാറ കോനേരി തൊണ്ണത്ത് റോഡ് | 25000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 328/20 | അത്തായക്കുന്ന് റോഡ് | 110000 | എം.ജി.ആർഫണ്ട് |
| 336/20 | കറുത്ത പറമ്പ് മോലിക്കാവ് റോഡ് | 58322 | എം.ജി.ആർഫണ്ട് |
| 358/20 | അത്തായക്കുന്ന് കുടിവെള്ള പദ്ധതി | 130000 | തനത് ഫണ്ട് |
| 360/20 | ചുണ്ടത്ത് പൊയിൽ കരിമ്പ് റോഡ് | 465000 | എം.ജി.ആർഫണ്ട് |
| 361/20 | കൂടംപൊയിൽ അങ്കണവാടി റോഡ് | 496000 | എം.ജി.ആർഫണ്ട് |
| 363/20 | അണ്ടിക്കുന്ന് റോഡ് | 150000 | എം.ജി.ആർഫണ്ട് |
| 365/20 | പറശ്ശേരി പ്പറായ്ആനയാം കുന്ന് ഹൈസ്കൂൾ റോഡ് | 175000 | എം.ജി.ആർഫണ്ട് |
| 370/20 | വെന്റ്പൈപ്പ്പാലം ആനയാംകുന്ന് റോഡ് | 500000 | എം.ജി.ആർഫണ്ട് |
| 371/20 | ഉണ്ണിമോയിസാഹിബ് പാലംതല റോഡ് | 582972 | എം.ജി.ആർഫണ്ട് |
| 372/20 | കാരശ്ശേരി കറുത്ത പറമ്പ് റോഡ് | 300300 | എം.ജി.ആർഫണ്ട് |

മേൽ പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി യ്ക്ക് (നം. 8/ 2020-21 തിയ്യതി : .17.08.21) മറുപടി ലഭ്യമാക്കിയില്ല.

## 1-20 മാലിന്യ നിർമ്മാർജന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പ്രി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം.

ഗ്രാമ പഞ്ചായത്ത് ഇതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2019-20 വർഷത്തിൽ 295/20 നമ്പറായി 1390000 വകയിരുത്തിയ ഗോബർദ്ധൻ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്ന പദ്ധതി രൂപീകരിച്ചിരുന്നെങ്കിലും അത് നടപ്പാക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലനങ്ങളോന്നും നടത്തിയിട്ടില്ല. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എം.സി.എഫ്, എം.ആർ.എഫ്, ശുചിത്വ സമുച്ചയം, മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 43,05,796 രൂപ 31.03.2021 ന് 320200322 എന്ന ഹെഡിൽ വിനിയോഗിക്കാതെ നീക്കിയിരിപ്പുണ്ട്. 320300103 എന്ന ഹെഡിലുള്ള ടോട്ടൽ സാനിട്ടേഷൻ എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 813000 രൂപയും ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ശുചിത്വം കാരശ്ശേരി എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 378500 രൂപയും 320700204 എന്ന ഹെഡിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്.

ആവശ്യമായ ഫണ്ടുണ്ടായിട്ടും മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ശുചിത്വ മിഷനിൽ നിന്ന് ഈ ആവശ്യത്തിന് ലഭിച്ച തുകയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയും പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വീഴ്ചയാണ് സംയുക്ത പ്രോജക്ടിനായി ഫണ്ട് നൽകിയ ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം ചെലവായിക്കാണിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 കമ്പ്യൂട്ടറുകൾ സമയബന്ധിതമായി ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ,ലാപ് ടോപ്പ്-346/21 |
| വകയിരുത്തിയ തുക | 90000/-(MG-NR) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 82513/-(35/25.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,കാരശ്ശേരി |

മേൽ പ്രൊജക്ട് പ്രകാരം CPRCS പോർട്ടലിൽ നിന്നും ഒരു Medium End Windows ലാപ്ടോപ്പ് വാങ്ങുന്നതിന് 4.03.21ലെ Invoce No.Tvm/ITBG/P1/RC/23269/20-21 അനുസരിച്ച് 39351/-രൂപയും ഒരു Desktop-Highend Windowsവാങ്ങുന്നതിന് 4.03.21ലെ Invoce No.Tvm/ITBG/P1/RC/23264/20-21 അനുസരിച്ച് 43162/-രൂപയും അടവാക്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-05/20-21തിയ്യതി 17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-22 റിബിൽഡ് കേരള പദ്ധതി- സ്ഥലം ഒരുക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ അങ്കണവാടികളുടെ നിർമ്മാണം നടപ്പിലായില്ല.

കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ 58 ാം നമ്പർ തോട്ടക്കാട് നമ്പർ അങ്കണവാടി 72 ാം നമ്പർ മലാംകുന്ന് അങ്കണവാടി എന്നിവ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റീ ബിൽഡ് കേരള ഇനീഷ്യേറ്റ് ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം പണിയുന്നതിന് 09.11.2020 ലെ ജി.ഒ(ആർ.ടി) 425/2020 /P&EA നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഗ്രാമ പഞ്ചായത്ത് സജ്ജമാക്കി നൽകിയിട്ടില്ല. 30.06.21 ലെ ഐ.സി.ഡി.എസ് /Knm//ADC/A1/61/21 നമ്പർ കത്തിലൂടെ ശിശു വികസന പദ്ധതി ഓഫീസർ കെട്ടിടം നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥ അറിയിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്തെഴുതിയിട്ടുണ്ട്. ഇതു സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് ആരംഭിച്ചിട്ടില്ല. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കിയില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം 47/21

അടങ്കൽ തുക 650,000/- (വി.ഫ.പൊതു.) ആകെ ചെലവ് 649964/-

ബിൽ നം 21/12.01.21 തുക- 175000/-

കാരശ്ശേരി പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പാലിയേറ്റീവ് പരിചരണം' എന്ന പ്രൊജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പി.ആർ.എഫ്-3894/14.12.20 എന്ന പ്രെഫോർമ ഇൻവോയ്സ് അനുസരിച്ച് 175000/- രൂപ മരുന്ന് വാങ്ങുന്നതിനായി 12.01.21 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. പദ്ധതികാലയളവിലെ അവസാനകാലത്താണ് പണം അടവാക്കിയിട്ടുള്ളത്. പണം അടവാക്കി ആറുമാസം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി കരാർചമച്ചക്കാത്തത് സംബന്ധിച്ചും വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-04/20-21തിയ്യതി 17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-24 ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം - 51/21

അടങ്കൽ തുക – 200000/- MG(NR)

ചെലവ് - 200000/-ബിൽ നം 2918/16.01.21

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പ് ഫാർമസിയുടെ പി.എഫ്-820/24.10.20 എന്ന പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് രണ്ട് ലക്ഷം രൂപ 16.01.21 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകളൊന്നും ലഭിച്ചിട്ടില്ല.പദ്ധതികാലയളവിലെ അവസാനകാലത്താണ് പണം അടവാക്കിയിട്ടുള്ളത്. പണം അടവാക്കി ആറുമാസം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി ചമച്ച കരാർപ്രകാരം സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-01/20-21തിയ്യതി 16.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

### 1-25 ഖനനാനുമതി-ക്രമ വിരുദ്ധമായി NOCനൽകി

കാരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.05.2021ലെ 18/1 നമ്പർ തീരുമാനമനുസരിച്ച് കൊടിയത്തൂർ വില്ലേജിൽ കൊടിയത്തൂർ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട സ്ഥലത്ത് നിന്ന് കളിമൺ ഖനനം നടത്തുന്ന സ്ഥലത്തു നിന്ന് 10 മീറ്റർ വീതിയുള്ള ഒരാളുടെ സ്ഥലം കഴിഞ്ഞ് കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അതിരായി ഒരു തോട് ഉള്ളതായും ഖനനം നടത്തുന്ന സ്ഥലവും തോടും തമ്മിലുള്ള ദൂരം 50 മീറ്റർ കുറവായതിനാൽ തോടിന്റെ കൈവശക്കാരായ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും എൻ.ഒ.സി. ആവശ്യമാണെന്ന് കാണിച്ച് മനോജ്.പി., ജിഷ നിവാസ്, എൈക്കരപ്പടി എന്നവരുടെ അപേക്ഷ യോഗത്തിൽ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തതായും അപേക്ഷ ജൈവ വൈവിധ്യ പരിപാലന കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമായതിന് ശേഷമ തുടർ നടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിക്കുകയും ചെയ്തിരുന്നു. ഭരണസമിതി മിനുട്സ്, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

1. ശ്രീ. മനോജ്.പി, എൻ.ഒ.സിയ്ക്കായി പഞ്ചായത്തിൽ അപേക്ഷ നൽകുന്നത് 13.01.2021 നാണ്. എന്നാൽ അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി.യുടെ ഒന്നാമത്തെ റിപ്പോർട്ട് 28.01.2020 ലുള്ളതാണ്. രണ്ടാമത്തെ റിപ്പോർട്ടിന് തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.
2. സെക്ഷൻ ക്ലാർക്ക് ശ്രീ.ലിബിൻ.എം.ബി., എ.ഇ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ ഭരണസമിതിയുടെ തീരുമാനത്തിനായി 8/2/2021ലും ഹെഡ് ക്ലാർക്ക് 09.02.2021 ലും സമർപ്പിക്കുകയുണ്ടായി.
3. ഭരണസമിതിയുടെ 11.05.2021 ലെ 18/1 നമ്പർ തീരുമാനപ്രകാരം അപേക്ഷ ജൈവ വൈവിദ്ധ്യ പരിപാലന കമ്മിറ്റിയുടെ റിപ്പോർട്ടിനയയ്ക്കാൻ തീരുമാനിച്ചു.
4. എന്നാൽ 24.05.2021 ലെ സെക്ഷന ക്ലാർക്ക് ലി.ബിൻ. എം.ബിയുടെ നോട്ടിൽ 11.05.2021 തിയ്യതിയിലെ 18/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'പഞ്ചായത്തിന് എതിർപ്പില്ല' എന്ന് തീരുമാനമെടുത്തതായി റിപ്പോർട്ട് എഴുതി.
5. കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2021 ലെ എ3-178/2021 നമ്പറായി അപേക്ഷകന് നിരാക്ഷേപപത്രം നൽകുയും ആയത് അന്നു തന്നെ ശ്രീ. മനോജ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി സെക്രട്ടറി നൽകിയ എൻ.ഒ.സി.യിലെ 11.05.2021 ലെ 1/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി. നൽകുന്നത് എന്ന് തെറ്റായി രേഖപ്പെടുത്തി. ഫയലിൽ സൂക്ഷിച്ചിട്ടുള്ള എൻ.ഒ.സി.യിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
6. 27.05.2021 ന് പ്രസിഡണ്ട് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ 11.05.2021 ന് ചേർന്ന സാധാരണ ഭരണസമിതി യോഗത്തിൽ 18-ാമത് അജണ്ടയുടെ യോഗതീരുമാനങ്ങൾ വന്നിരിക്കുന്നത് ഭരണസമിതിയോഗം ചർച്ച ചെയ്ത തീരുമാനത്തിന് തീർത്തും എതിരായതിനാൽ ആയത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 30.05.2021 ന് വൈകു. 3 മണിയ്ക്ക് അടിയന്തിരയോഗം വിളിച്ചു ചേർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത യോഗം വിളിച്ചു ചേർത്തതായി കാണുന്നില്ല.
7. 27.05.2021 ന് തന്നെ പ്രസിഡണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിലും പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിൽ വിരുദ്ധമായി എൻ.ഒ.സി. നൽകിയതായും സെക്രട്ടറിയുടെ ഏകപക്ഷീയ നിലപാട് അംഗീകരിക്കരുതെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് ജില്ലാ കലക്ടർക്കും നൽകിയിട്ടുണ്ട്.
8. ഫയലിൽ അതിന് ശേഷമുള്ള വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ഭരണസമിതിയുടെ എതിർപ്പ് പരിഗണിച്ച് എൻ.ഒ.സി. തിരിച്ചു വാങ്ങിയതായും ഭരണസമിതി തീരുമാനം തിരുത്തിയതായും അറിയാൻ കഴിഞ്ഞു.

മേൽ വിഷയത്തിലുള്ള ഓഡിറ്റിന്റെ നിഗമനങ്ങൾ ചുവടെ കൊടുക്കുന്നു.

- കളിമൺ ഖനനത്തിന് നിരാക്ഷേപപത്രം നൽകുന്നതിനായി സെക്ഷൻ ക്ലാർക്ക് ശ്രീ. എം.ബി. ലിബിനും സെക്രട്ടറി ശ്രീ.പി. രാജീവും ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിച്ചതായും പ്രാദേശിക ഭരണകൂടത്തിന്റെ തീരുമാനത്തെ അട്ടിമറിക്കാൻ നിയമവിരുദ്ധമായി പ്രവർത്തിച്ചതായും കാണുന്നു.
- 2015 ലെ കേരള മൈനൽ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 10 (പി) അനുസരിക്കുന്നതിൽ വീഴ്ച വരുത്തിയതായും ജൈവ വൈവിധ്യ പരിപാലന കമ്മിറ്റിയെ പരിഗണനക്കെടുക്കാതെ സെക്രട്ടറി തീരുമാനമെടുത്തതായും കാണാം.
- 'സകർമ്മ" സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന ഭരണസമിതി തീരുമാനങ്ങൾ തിരുത്തി എഴുതുന്നതായി ഓഡിറ്റ് കരുതുന്നു. തീരുമാനത്തിന് വിരുദ്ധമായാണ് മിനുട്സ് എഴുതിയതെന്ന് പ്രസിഡണ്ട് പരാതിപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ തീരുമാനത്തിൽ (മിനുട്സ് കോപ്പി) ഭരണസമിതിയുടെ ശരിയായ തീരുമാനം തന്നെയാണ് ചേർത്തിട്ടുള്ളത്.
- 27.05.2021 ന് പ്രസിഡന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമല്ല. ആയത് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് അധികം നൽകി.

പ്രൊജക്ടിന്റെ പേര്,നമ്പർ-വി.ജി.എഫ്.(ഹരിതകർമ്മസേനാംഗങ്ങൾക്ക് തുക നൽകൽ) 332/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.

വകയിരുത്തിയ തുക-208800/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവഴിച്ചതുക 191000/-(Bill No:174/25.08.20)

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന 31.01.2019ന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുടക്കത്തിൽ ഹരിതകർമ്മസേനയിൽ ഇരുപത്തേഴ് അംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ ഇരുപത്തഞ്ച് അംഗങ്ങളാണുള്ളത്. ഓരോ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ കൊണ്ടുവന്ന് തരംതിരിച്ച് വില ലഭിക്കുന്ന സാധനങ്ങൾ വിൽക്കുകയും റിജക്ട്സ് കയറ്റിഅയക്കുകയുമാണ് ചെയ്തു വന്നിരുന്നത്. സാധനങ്ങൾ വിൽക്കുന്നതിലൂടെയും യൂസർഫീയിനത്തിലും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് സേനാംഗങ്ങൾക്ക് വേതനം നൽകേണ്ടത്. ഇത്തരത്തിലുള്ള വരവുകൾ തികയാത്ത സന്ദർഭങ്ങളിൽ തനത് വരുമാനം ഉപയോഗിച്ച് നൽകിയതിന്റെ ബാക്കി വേതനം സർക്കാർ പ്രത്യേക ഉത്തരവിലൂടെ ഗ്യാപ് ഫണ്ടായി നൽകാറുണ്ട്. എം.സി.എഫിന്റെയും ഹരിതകർമ്മസേനയുടെയും പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്.

25.03.2019ലെ 703/2019ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറുമാസത്തേക്ക് കൂടി മാത്രം (4/19 To 9/19)വയബിലിറ്റ് ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം വേതനമിനത്തിൽ 191000/-രൂപ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം മാസങ്ങളിലേക്കുള്ള വേതനശിഷ്ടമാണ് നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോ മാസത്തെയും വേതനവിവരങ്ങൾ (അംഗത്തിന്റെ പേര്,മാസം,ഹാജരായദിവസം,ആകെവേതനം,തനത് ഫണ്ട് ഉപയോഗിച്ച് നൽകിയത്,ബാക്കി നൽകാനുള്ളത്,വി.ജി.എഫ്.ഉപയോഗിച്ച് നൽകുന്നത് എന്നിവ ഉൾപ്പടെ)പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചുപോകുന്നതിനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/20-21തിയ്യതി16.08.21) വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച വേതനവിവര പട്ടികയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ച 5/19മുതൽ 9/19 വരെ അംഗങ്ങൾക്ക് ബാക്കി നൽകാനുള്ള തുക(മേൽ ഉത്തരവ് പ്രകാരം) | 366200/- |
| 2019-20ൽ നൽകിയത്(വി.ജി.എഫ് ) | 196900/- |
| 2020-21ൽ നൽകിയത്(വി.ജി.എഫ് ) | 191000/- |
| ആകെ | 387900/- |
| അധികം നൽകിയത്(387900-366200) | 21700/- |

അധികം നൽകിയ വി.ജി.എഫ്. 21700/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതും ഹരിതകർമ്മസേനയുടെ പ്രവർത്തനം പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 3-2 പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി അധിക തുക നൽകി

പ്രൊജക്ടിന്റെ പേരും നമ്പറും- പച്ചക്കറിക്ക് കൂലിചെലവ് സബ്സിഡി -30/21

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷിഓഫീസർ

വകയിരുത്തിയതുക 60000/-(വികസനഫണ്ട്-പൊതുവിഭാഗം)

50000/-(ബ്ലോക്ക് വിഹിതം)

60000/- (ജില്ലാ പഞ്ചായത്ത് വിഹിതം )

45000/-(മറ്റുള്ളവ )

ചെലവ് തുക,ബിൽ- 60000/-(വികസനഫണ്ട്-പൊതുവിഭാഗം)4/11.2.21

50000/-(ബ്ലോക്ക് വിഹിതം) 5/11.2.21

60000/- (ജില്ലാ പഞ്ചായത്ത് വിഹിതം ) 6/11.2.21

170000/-

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പത്ത് സെന്റ് ഭൂമിയിലെങ്കിലും പച്ചക്കറികൃഷി ചെയ്യുന്നവർക്ക് ,കൂലിചെലവിന്റെ വൌച്ചർ ഹാജരാക്കുന്ന മുറക്ക് ,ചെലവിന്റെ 75% സബ്സിഡി നൽകുന്നതിനാണ് ഉദ്ദേശിച്ചത്.എന്നാൽ 35ഗുണഭോക്താക്കൾക്കായിഅവരുടെ ചെലവ് വൌച്ചറിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടിനു വിരുദ്ധമായി അധിക തുക നൽകിയതായി കാണുന്നു.വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക (ചെലവു വൌച്ചർ പ്രകാരം) | നൽകിയ തുക(ബിൽ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | മൊയ്തീൻകുട്ടി എ.കെ | 24000x75/100=18000 | 20400 | 2400 |
| 2 | ബാബു.ഇ.പി | 12000x75/100=9000 | 10200 | 1200 |
| 3 | വഹാബ് | 12000x75/100=9000 | 10200 | 1200 |
| 4 | മോഹനൻ | 8000x75/100=6000 | 6800 | 800 |
| 5 | മൊഹമ്മദാലി.കെ.കെ | 5600x75/100=4200 | 4760 | 560 |
| 6 | ആലിക്കുട്ടി | 8000x75/100=6000 | 6800 | 800 |
| 7 | ഷാനവാസ്.കെ | 8000x75/100=6000 | 6800 | 800 |
| 8 | കുഞ്ഞിമുഹമ്മദ് | 8000x75/100=6000 | 6800 | 800 |
| 9 | ഇബ്രാഹിം | 4000x75/100=3000 | 3400 | 400 |
| 10 | പാത്തുട്ടി | 8000x75/100=6000 | 6800 | 800 |
| 11 | നൂറുദ്ദീൻ.ടി.പി | 800x75/100=600 | 680 | 80 |
| 12 | രാജേഷ്.പി | 5600x75/100=4200 | 4760 | 560 |
| 13 | സന്തോഷ് | 8000x75/100=6000 | 6800 | 800 |
| 14 | അഖിലേഷ് | 13680x75/100=10260 | 11628 | 1368 |
| 15 | ശോഭന | 4000x75/100=3000 | 3400 | 400 |
| 16 | മൈഥിലി | 800x75/100=600 | 680 | 80 |
| 17 | അഷിൽ.ടി | 8000x75/100=6000 | 6800 | 800 |
| 18 | മാത്യു | 6400x75/100=4800 | 5440 | 640 |
| 19 | ലീല | 800x75/100=600 | 680 | 80 |
| 20 | ഭാസ്കരൻ.ഇ.പി | 15200x75/100=11400 | 12920 | 1520 |
| 21 | ഹരിദാസൻ.ടി | 3200x75/100=2400 | 2720 | 320 |
| 22 | ഉണ്ണി.സി | 4000x75/100=3000 | 3400 | 400 |
| 23 | ഹാഷിഫ് | 800x75/100=600 | 680 | 80 |
| 24 | റംല.എം.എം | 800x75/100=600 | 680 | 80 |
| 25 | അയമദ്കുട്ടി | 8000x75/100=6000 | 6800 | 800 |
| 26 | സൈനബ | 2320x75/100=1740 | 1972 | 232 |
| 27 | സുരേഷ് കുമാർ | 4000x75/100=3000 | 3400 | 400 |
| 28 | അബ്ദുസലാം.ടി.കെ | 800x75/100=600 | 680 | 80 |
| 29 | ഉണ്ണികൃഷ്ണൻ.പി | 2000x75/100=1500 | 1700 | 200 |
| 30 | സുമ | 1200x75/100=900 | 1020 | 120 |
| 31 | സിബി ജോസഫ് | 2400x75/100=1800 | 2040 | 240 |
| 32 | ലൈല.കെ.പി | 800x75/100=600 | 680 | 80 |
| 33 | സജ്ന | 1600x75/100=1200 | 1360 | 160 |
| 34 | സണ്ണി | 4000x75/100=3000 | 3400 | 400 |
| 35 | മറിയം.കെ | 3200x75/100=2400 | 2720 | 320 |
| | ആകെ | 150000/- | 170000/- | 20000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/18.08.21)മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ തുക 20000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

### 3-3 വെന്റ് പൈപ്പ് പാലം ആനയാം കുന്ന് റോഡ് പ്രവർത്തി - ടെണ്ടർ കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 155/2020-21 (സ്പിൽ ഓവർ)

കരാറുകാരൻ - ശ്രീ. ഷിനിൽ. കെ.എം

അടങ്കൽ - 1210000(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് - 863317 (ബിൽ നം.20170851201234251 /12.03.2021)

കരാർ - 71/2019-20/27.2.2020

വെന്റ് പൈപ്പ് പാലം ആനയാംകുന്ന് റോഡ് മുക്കം കടവ് പാലത്തിൽ നിന്ന് ഉടങ്ങി 580 മീറ്റർ നീളത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ റോഡ് ഉയർത്തി റീടാറിങ്ങ് നടത്തുന്നതിനാണ് ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവൃത്തി

നടത്താനായി 03.02.2020 ൽ നടത്തിയ ഇ -ടെണ്ടറിൽ കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ. ഷിനിൽ. കെ.എം. കരാറുകാരന് 1074046.85 രൂപയക്ക് പ്രവൃത്തി കരാർ നൽകി (11.24% കുറവ്) . 27.02 2020 ന് കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ കാലമായിട്ടും കരാറുകാരൻ പ്രവർത്തനം ആരംഭിച്ചിരുന്നില്ല. എന്നാൽ 04.08.2020 ലെ 4/2 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ഈ പദ്ധതി റിവൈസ് ചെയ്യാൻ തീരുമാനിച്ചു. ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി CMLRRP എന്ന മുഖ്യമന്ത്രിയിടെ റോഡ് പ്രൊജക്ടിൽനിന്ന് 60 ലക്ഷം രൂപ അനുവദിച്ചതിനാൽ രണ്ട് സമാന പ്രവൃത്തികൾ ഒരേ റോഡിൽ പ്രാവർത്തികമാക്കുക സാധ്യമല്ലാത്തതിനാൽ ഒറിജിനൽ എസ്റ്റീമേറ്റ് റിവൈസ് ചെയ്ത് ഇതേറോഡിലെ ചില ഭാഗത്തെ ഡ്രെയിനേജ് സംവിധാനവും കൾവർട്ടും നിർമ്മിക്കാൻ തീരുമാനിച്ചു. പ്രവൃത്തി ഇതേ കരാറുകാരൻ 07.09.2020 മുതൽ 16.11.2020 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ചു (എം.ബുക്ക് നം. 86/20-21) . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)13/2012/PWD/01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് വകുപ്പ് മാനുവൽ 1601.1.6 ൽ പ്രൊജക്ട് റീവൈസ് ചെയ്യേണ്ട സാഹചര്യങ്ങൾ എന്തെല്ലാം മാണെന്ന് വ്യക്തമാക്കുന്നുണ്ട്. TS ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും,ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് 5% അധികരിച്ചാലുമാണ് പ്രൊജക്ട് റിവൈസ് ചെയ്യുന്നത്. ഇവിടെ ഒറിജിനൽ എസ്റ്റിമേറ്റിലെ ആകെയുള്ള 11 ഇനം പ്രവർത്തികളും ഒഴിവാക്കി, പുതിയ 9 ഇനങ്ങൾ ഉൾപ്പെട്ട പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ഇതേ കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കി. ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് ആയി കണ ക്കാത്തിയതും സാങ്കേതിക അനുമതി ലഭിച്ചതും എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇവിടെ നിലവിലെ കരാർ റദ്ദാക്കി പുതിയ ടെണ്ടർ നടപടികളിലൂടെ യായിരുന്നു പ്രവർത്തി പൂർത്തിയാക്കേണ്ടിയിരുന്നത്.

2) കരാറുകാരന് പ്രവർത്തി ബിൽ തുക അനുവദിച്ചപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയതായി ചെയ്ത പ്രവൃത്തി ഇനങ്ങൾക്ക് കരാറുകാരൻ മുൻ പദ്ധതിയിൽ ക്വോട്ട് ചെയ്ത ഇളവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ആകെ പ്രവർത്തി മൂല്യം | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം അനുവദിച്ചത് |
|---|---|---|---|
| 770819 | 770819+12% GST 92498 =863317 | 770819- 11.24% കുറവ് 86640<br>= 684179 +12%GST 82101=766280 | 863317-766280<br>=97037 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 14 /2020-21 തിയ്യതി : 18 .08.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 97037 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല .അധികം ചെലവഴിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 237932 | ലൈഫ് (എസ്.സി) | 160000 | 77932 |
| | 2019-20 | 450000 | സ്കോളർഷിപ്പ് | 449800 | 200 |
| | 2018-19 | 167714 | പഞ്ചായത്ത് മിനി സ്റ്റേഡിയം | 163902 | 3812 |
| | 2017-18 | 700000 | കുമാരനല്ലൂർ സബ്സെന്റർ നിർമ്മാണം | 635584 | 64416 |
| | 2016-17 | 400000 | ശുചിത്വം | 21500 | 378500 |
| ജില്ല പഞ്ചായത്ത് | 2018-19 | 2000000 | മാവണ്ണ കാരാട്ട് കോളനി കുടിവെള്ള പദ്ധതി | 1389870 | 610130 |
| | 2018-19 | 375000 | സ്കോളർഷിപ്പ് | 374900 | 100 |
| | 2018-19 | 2000000 | അറവ് ശാല നിർമാണം | 0 | 2000000 |
| | 2018-19 | 400000 | ബിൽഡിങ്ങ് മെറ്റീരിയൽ യൂണിറ്റ് | 0 | 400000 |
| | 2017-18 | 200000 | ആകാശഗംഗ | 200000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അങ്കണവാടി നിർമ്മാണം | 166000 | 0 | 166000 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ | 324000 | 0 | 324000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ജി.ഒ(എം എസ്)83/13 എൽ.എസ്. ജി.ഡി 11.3.13 | 2014-15 | 0 | 29012251 | 0 | 3792662 | 29012251 |
| കെ.യു.ആർ .ഡി.എഫ്.സി | | | 2600000 | 3773074 | 702589 | 0 | 5670485 |

**4-6 സ്ഥിരനിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | |
| 2001-02 | 3.2 | 2005-06 | 2.70.1.8.1 (73) | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാകുന്നു | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 3.7 | 2005-06 | 2.70.1.9.6 (73) | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച 100 ഓളം അപേക്ഷകൾ ഒരു വർഷത്തിന് ശേഷമാണ് തീർപ്പാക്കിയത് | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2 | 2005-06 | 2.70.14.12 (80) | നികുതി പിരിക്കുന്നതിലെ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 2.1 | 2006-07 | 3.79.1.22(100) | ഗ്രാമ പഞ്ചായത്ത്-കെട്ടിട നികുതി,തൊഴിൽ നികുതി,തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | |

| | | | | | |
|---|---|---|---|---|---|
| | | | | 1)കെട്ടിട നികുതി 89298.00<br>2)തൊഴിൽ നികുതി ----<br>3)ലൈസൻസ് 4443.00<br>മറ്റിനം 93741.00(1995-96 മുതൽ 2000-01 വരെ) | |
| 2002-03 | 3.26 | 2006-07 | 3.79.3.11(102) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2003-04 | 2.3 | 2006-07 | 3.79.4.6(103) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം-കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല | |
| 2003-04 | 3.6 | 2006-07 | 3.79.6.9(105) | മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രസീതി നൽകുന്നില്ല. | |
| 2003-04 | 3.10 | 2006-07 | 3.79.11.2(108) | കന്നുകുട്ടി പരിപാലനം അപാകതകൾ | |
| | | 2013-14 | 5.1.5.2(58) | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | |
| 2014-15 | 3.19 | 2016-17 | 6(ബി) | ആശ്രയ | |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2.6 | 2017-18 | 1.11.3 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 126372413 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124845664 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 138737 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2549194 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 21700 | ശ്രീ.ഭൂപേഷ്.ബി, വി.ഇ.ഒ |
| 3-2 | - | 97037 | ശ്രീ.രാജേഷ്.എൻ, അസി.എഞ്ചിനീയർ |
| 3-3 | - | 20000 | ശ്രീമതി.ഇസ്സ കരിമ്പൻ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 498158 | ശ്രീ.രാജേഷ്.ടി.പി, അസി.എഞ്ചിനീയർ |
| 1-14 | 489978 | ശ്രീ.രാജേഷ്.എൻ, അസി.എഞ്ചിനീയർ |
| 1-15 | 177603 | ശ്രീ.രാജേഷ്.എൻ, അസി.എഞ്ചിനീയർ |
| 1-15 | 685942 | ശ്രീ.രാജേഷ്.ടി.പി, അസി.എഞ്ചിനീയർ |
| 1-18 | 240000 | ഡോ.സജ്ന.പി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 82513 | ഡോ.സജ്ന.പി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-23 | 175000 | ഡോ.സജ്ന.പി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-24 | 200000 | ഡോ.മാത്യു ആൻഡ്രൂസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഭ്രുപേഷ്.ബി, വി.ഇ.ഒ | വി.ഇ.ഒ | ഷെൽട്ടർ, ചൂലൂർ-673601 |
| ശ്രീമതി.ഇസ്ന കരിമ്പൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ | മൂലോട്ടിൽ ഹൗസ്, ഒളവട്ടൂർ പി.ഒ, പുളിക്കൽ- 673638 |
| ശ്രീ.രാജേഷ്.എൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | എൻ.വി.എസ് നിവാസ്,എൻ.ഐ.ടി കാമ്പസ്.പി.ഒ,കോഴിക്കോട്-673601 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(1) | 2 | 39,42 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 1 | 31 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(4) | 1 | 3-21 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(5) | 1 | 3-6 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(1) | 16 | 1-1, 1-3, 2-1(1)മുതൽ 13 വരെ, 2-2, 2-3(1,2), 2-4,3-5, 3-6, 3-7, 3-8, 3-9,3-10, 4-2, 4-3, 4-6 (ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(2) | 28 | 1-1,1-3,1-4,2-1,2-3,2-7,2-8, 2-11, 2-12,2-14,3-1,3-3,3-5, 3-6,3-7,3-8,3-9.3-10,3-14, |

| | | | |
|---|---|---|---|
| | | | 3-15,3-16,3-17,3-19,3-20,<br>3-22,3-23,4-2,4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(1) | 8 | 2-3,3-3,3-4, 3-6, 3-7, 3-9,<br>3-10,3-11 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(2) | 23 | 2-3,3-2,3-3(1),3-3(2),3-4, 3-5,3-6(3),<br>(4),(5),(8),3-8,<br>3-10(6),3-11,3-18,3-20,<br>3-22,3-23,3-24,3-25,3-26,<br>3-27,3-28,3-29,3-30,3-31,3-32,3-34 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(3) | 11 | 2-1(1),3-2,3-3,3-4,3-12,3-13,<br>3-14,3-17,3-18,3-19,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5,<br>3-1, 3-2, 3-3,3-4, 3-5,<br>3-6, 3-7, 3-8,3-9, 3-10, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5,<br>2-6,2-7,3-2,3-3,<br>3-4,3-5,3-6,3-9,3-10,3-11,<br>3-12,3-13,3-14,3-15,3-17,<br>3-23, 3-24,3-25,<br>3-27,3-28,3-29,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി1/ 105/20 തി 18.5.20 | 31 | 1-10,2-1(1)(2), 2-2, 2-3, 2-4, 2-5, 2-6,<br>3-1, 3-2,3-3, 3-4, 3-5,3-6, 3-7, 3-<br>8എ, ബി, 3-9,3-13, 3-14,<br>3-16, 3-17, 3-18, 3-19, 3-20,<br>3-21,3-22,3-23,3-24,3-25,<br>3-27,3-28,3-29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി1/ 264/2020 തി 10.3.20 | 15 | 1-8(1),1-9,1-10,1-11,1-12,1-13,1-18,11-19,<br>1-20,1-21,1-22,1-23,1-25,1-26,1-27 |

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(1) | 2 | 39,42 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 1 | 31 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(4) | 1 | 3-21 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(5) | 1 | 3-6 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(1) | 16 | 1-1, 1-3, 2-1(1)മുതൽ 13 വരെ,<br>2-2, 2-3(1,2), 2-4,3-5, 3-6, 3-7, 3-8,<br>3-9,3-10, 4-2, 4-3, 4-6<br>(ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(2) | 28 | 1-1,1-3,1-4,2-1,2-3,2-7,2-8, 2-11,<br>2-12,2-14,3-1,3-3,3-5,<br>3-6,3-7,3-8,3-9.3-10,3-14,<br>3-15,3-16,3-17,3-19,3-20,<br>3-22,3-23,4-2,4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(1) | 8 | 2-3,3-3,3-4, 3-6, 3-7, 3-9,<br>3-10,3-11 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി | 23 | 2-3,3-2,3-3(1),3-3(2),3-4, 3-5,3-6(3), |

| | | | |
|---|---|---|---|
| 2012-13 | പി1/1041/2020(2) | | (4),(5),(8),3-8, 3-10(6),3-11,3-18,3-20, 3-22,3-23,3-24,3-25,3-26, 3-27,3-28,3-29,3-30,3-31,3-32,3-34 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(3) | 11 | 2-1(1),3-2,3-3,3-4,3-12,3-13, 3-14,3-17,3-18,3-19,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,2-7,3-2,3-3, 3-4,3-5,3-6,3-9,3-10,3-11, 3-12,3-13,3-14,3-15,3-17, 3-23, 3-24,3-25, 3-27,3-28,3-29,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി1/ 105/20 തി 18.5.20 | 31 | 1-10,2-1(1)(2), 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2,3-3, 3-4, 3-5,3-6, 3-7, 3-8എ, ബി, 3-9,3-13, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-21,3-22,3-23,3-24,3-25, 3-27,3-28,3-29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി1/ 264/2020 തി 10.3.20 | 15 | 1-8(1),1-9,1-10,1-11,1-12,1-13,1-18,11-19, 1-20,1-21,1-22,1-23,1-25,1-26,1-27 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്